12
2025
ഏപ്രിൽ
ശനി
മീനം 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.121 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-121 പേജ് 4. വില 2.00 രൂപ

02 കരുവന്നൂർ കേസിൽ പോലീസിനെ വിമർശിച്ച് ഹൈക്കോടതി
03 റഷ്യക്കുവേണ്ടി യുദ്ധം ചെയ്യുന്നത് 155 ചൈനക്കാർ: സെലൻസ്കി
04 എൽസ്റ്റൺ എസ്റ്റേറ്റ് ഏറ്റെടുക്കാൻ 17 കോടി നൽകണം; സർക്കാരിനോട് ഹൈക്കോടതി

# തീരദേശങ്ങൾ മാലിന്യമുക്തമാക്കുന്ന പ്രവർത്തനം മാതൃകാപരം : മന്ത്രി



ശുചിത്വ സാഗരം, സുന്ദര തീരം പദ്ധതി ശംഖുംമുഖം ബീച്ചിൽ മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി സജി ചെറിയാൻ സമീപം

ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളമുള്ള തീരദേശങ്ങളിൽ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് നിർമാർജന യജ്ഞം മാതൃകാപരവും അഭിനന്ദനാർഹവുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. മാലിന്യ സംസ്കരണത്തിനായി സർക്കാർ നിശ്ചയിച്ച 13 മാനദണ്ഡങ്ങളിൽ 80 ശതമാനവും അതിലധികവും കൈവരിച്ച 1027 തദ്ദേശസ്ഥാപനങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിച്ചു. ഏഴു തദ്ദേശ സ്ഥാപനങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. മാലിന്യനീക്കത്തിൽ കഴിഞ്ഞ വർഷം സർവ്വകാല റെക്കോർഡ് നേടാനായി. ഖര മാലിന്യ സംസ്കരണത്തിൽ വലിയൊരു മാറ്റം ഉണ്ടായിട്ടുണ്ട്. ശുചിത്വ സാഗരം, സുന്ദര തീരം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഏകദിന പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ശംഖുമുഖം ബീച്ചിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി 66166 ടൺ മാലിന്യമാണ് ഹരിത കർമ്മസേന ശേഖരിച്ച് നീക്കം ചെയ്തത്. ഈ പ്രവർത്തനങ്ങൾ പ്രധാനമായും കരയിലാണ്. കടലും തീരവും കായലും ജലസ്രോതസ്സുകളും ഇപ്പോഴും മാലിന്യപ്രശ്നം അഭിമുഖീകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ കേന്ദ്രങ്ങളിൽ മികച്ച പദ്ധതി നടപ്പിലാക്കുമ്പോൾ തന്നെ കടലിലും തീരപ്രദേശത്തും സമാന രീതിയിൽ മാലിന്യനിർമാർജനം നടപ്പിലാക്കാൻ സാധിക്കുന്നത് ഗുണകരമാണ്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമ്പൂർണ്ണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള പിന്തുണയും ചുവടുവയ്പുമാണ് ഫിഷറീസ് വകുപ്പിന്റെ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഭാവിയെക്കുറിച്ച് വളരെ പ്രതീക്ഷ നൽകുന്ന ശ്രദ്ധേയമായ പദ്ധതിയാണ് ശുചിത്വസാഗരം, സുന്ദര തീരം പദ്ധതിയെന്ന് ചടങ്ങിൽ അധ്യക്ഷനായ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പദ്ധതിയുടെ ആദ്യഘട്ടം ബോധവൽക്കരണമായിരുന്നു. രണ്ടാം ഘട്ടം തീരം ശുചിയാക്കുക എന്ന നടപടിയാണ്. 15,000 ത്തോളം സന്നദ്ധപ്രവർത്തകരെ അണിനിരത്തിയാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണമായും നീക്കം ചെയ്യുന്നത്. ഓരോ ആക്ഷൻ കേന്ദ്രങ്ങളിലും 25 സന്നദ്ധപ്രവർത്തകരെ നിശ്ചയിച്ച് അവർക്ക് പരിശീലനം നൽകിയാണ് പദ്ധതി സ്ഥിരമായി നടപ്പാക്കുന്നത്. എല്ലാമാസവും രണ്ടാമത്തെ ശനിയാഴ്ച സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ തീരദേശ മേഖലയിൽ ശുചീകരണം നടപ്പിലാക്കും. കടലോര മേഖലയിൽ പൂർണമായും പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതുവരെ പദ്ധതി തുടരുമെന്ന് മന്ത്രി വ്യക്തമാക്കി.

തീരദേശത്ത് 200 മീറ്റർ ഇടവിട്ട് ആക്ഷൻ കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്. ഹാർബറുകൾ ഫിഷ് ലാൻഡിങ് സെന്ററുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ബോട്ടിൽ ബൂത്ത് സ്ഥാപിക്കും. ഈ പ്രദേശങ്ങളിൽ എത്തുന്ന ജനങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ബൂത്തിൽ നിക്ഷേപിക്കണം. അതിനായി ബോധവൽക്കരണം നടത്തും. ബോട്ടിൽ ബൂത്തിൽ നിക്ഷേപിക്കുന്ന മാലിന്യം ഹരിതകർമ്മ സേന ക്ലീൻ കേരള കമ്പനി എന്നിവ വഴി കൃത്യമായി നിർമാർജനം ചെയ്ത് പൂർണ്ണമായും തീരം മാലിന്യമുക്തമാക്കാൻ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

പദ്ധതിയുടെ മൂന്നാംഘട്ടമായ ഹാർബറുകൾ കേന്ദ്രീകരിച്ചു കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ നീക്കം മത്സ്യത്തൊഴിലാളികളുടെ പൂർണമായ സഹായത്തോടെ മാത്രമേ നടപ്പിലാക്കാൻ കഴിയൂ. കൊല്ലം നീണ്ടകര കേന്ദ്രീകരിച്ചു മത്സ്യബന്ധന ബോട്ടുകൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്'. സംസ്ഥാനത്തെ 27 ഹാർബറുകളിലേക്കും സമാന രീതിയിലുള്ള സംവിധാനം സ്ഥാപിക്കുമെന്നും മന്ത്രി കൂട്ടിചേർത്തു.

ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൽ നാസർ ബി സ്വാഗതം ആശംസിച്ചു. അഡ്വ. ആന്റണി രാജു എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ ഡി സുരേഷ് കുമാർ, ഫിഷറീസ് ഡയറക്ടർ സഫ നസറുദ്ദീൻ, എച്ച് ഇ ഡി ചീഫ് എഞ്ചിനീയർ മുഹമ്മദ് അൻസാരി എം.എ, കെ എ സ് സി എ ഡി സി മാനേജിങ് ഡയറക്ടർ പി. ഐ. ഷേഖ് പരീത്, മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ സഹദേവൻ പി, എ ഡി എ മാനേജിങ് ഡയറക്ടർ ഇഗ്നേഷ്യസ് മൺട്രോ, കേരള മാരീടൈം ബോർഡ് സി ഇ ഒ ഷൈൻ എ ഹക്ക്, കൗൺസിലർ സെറാഫിൻ ഫ്രഡി തുടങ്ങിയവർ പങ്കെടുത്തു.

മന്ത്രിമാരുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരും, നാട്ടുകാരും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്ലാസ്റ്റിക് നിർമ്മാർജ്ജന നീക്കത്തിൽ പങ്കെടുത്തു. സംസ്ഥാനത്തെ 590 കിലോമീറ്റർ തീരപ്രദേശത്തെ ജനസാന്ദ്രത കൂടിയ 482 ആക്ഷൻ കേന്ദ്രങ്ങളിലാണ് ഏകദിന ജനകീയ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിച്ചത്.



## തഹാവൂർ റാണയെ ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്ന ചിത്രം പുറത്തുവിട്ട് യുഎസ്

വാഷിംഗ്ടൺ ഡിസി: മുംബൈ ഭീകരാക്രമണത്തിലെ സൂത്രധാരൻ പാക്കിസ്ഥാൻ വംശജനും കനേഡിയൻ വ്യവസായിയുമായ തഹാവൂർ റാണയെ (64) ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്ന ദൃശ്യങ്ങൾ പുറത്ത്. യുഎസ് ജസ്റ്റീസ് ഡിപ്പാർട്ട്മെൻറാണ് ചിത്രങ്ങൾ പുറത്തുവിട്ടത്.

ബുധനാഴ്ച മുൻകൂട്ടി തീരുമാനിച്ച സുരക്ഷിത മേഖലയിൽവച്ച് യുഎസ് മാർഷൽസ് ഇന്ത്യയുടെ വിദേശകാര്യ ഉദ്യോഗസ്ഥർക്ക് ജയിൽ യൂണിഫോം ധരിച്ച റാണയെ കൈമാറുന്നതാണു ദൃശ്യത്തിലുള്ളത്.

അതേസമയം, യുഎസിൽ നിന്ന് ഇന്ത്യയിലെത്തിച്ച റാണയെ ഡൽഹിയിലെ പ്രത്യേക എൻഐഎ കോടതി 18 ദിവസത്തേക്ക് എൻഐഎ കസ്റ്റഡിയിൽ വിട്ടിരിക്കുകയാണ്. റാണയെ ഇന്ത്യയിലെത്തിച്ചതിന് പിന്നാലെ കസ്റ്റഡിയിൽ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് പട്യാല ഹൗസ് കോടതിയിൽ എൻഐഎ അപേക്ഷ നൽകിയിരുന്നു.

മുംബൈ ആക്രമണത്തിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിന് കസ്റ്റഡി ചോദ്യം ചെയ്യൽ ആനിവാര്യമാണെന്നും റാണയെ 20 ദിവസം കസ്റ്റഡിയിൽ വേണമെന്നുമായിരുന്നു എൻഐഎ ആവശ്യപ്പെട്ടത്. കോടതി 18 ദിവസത്തേക്ക് അനുവദിക്കുകയുംചെയ്തു. എൻഐഎ പ്രത്യേക കോടതി ജഡ്ജി ചന്ദർജിത് സിംഗ് ആണ് വാദം കേട്ടത്.

കേസിൽ ഒന്നാം പ്രതിയായ ഡേവിഡ് കോൾമാൻ ഹെഡ്‌ലി ഇന്ത്യ സന്ദർശിക്കുന്നതിന് മുമ്പ് തഹാവൂർ റാണയുമായി മുഴുവൻ ഓപ്പറേഷനെക്കുറിച്ചും ചർച്ച ചെയ്തിരുന്നുവെന്ന് കോടതിയിൽ എൻഐഎ വാദിച്ചിരുന്നു. ഹെഡ്‌ലിയുടെ മൊഴി അടക്കമുള്ള വിശദാംശങ്ങൾ കോടതിയിൽ എൻഐഎ നല്കി.

കസ്റ്റഡി കാലയളവിൽ റാണയെ വിശദമായി ചോദ്യം ചെയ്യുമെന്ന് എൻഐഎ വ്യക്തമാക്കി. റാണയെ ഇന്ത്യയിൽ സഹായിക്കുന്ന ചില കണ്ണികളുണ്ടെന്നാണ് വിവരം. ഇതിൽ വ്യക്തത വരുത്തുന്നതടക്കമുള്ള നീക്കങ്ങളിലാണ് അന്വേഷണസംഘം.

## മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ്



തിരുവനന്തപുരം: ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ/ഭാഗിക അംഗവൈകല്യമോ സംഭവിച്ചാൽ നിബന്ധനകൾക്ക് വിധേയമായി പത്ത് ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകും.

അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സാ ചെലവും നിബന്ധകൾക്ക് വിധേയമായി അനുവദിക്കും. കൂടുതൽ വിവരങ്ങൾക്ക് മത്സ്യഫെഡ് ജില്ലാ ഓഫിസ്, ക്ലസ്റ്റർ പ്രൊജക്ട് ഓഫിസ്, പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളുമായി ബന്ധപ്പെടണം. ഫോൺ: 9526041270, 9526041123,0497 2731257

സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടില്ലാത്തവർക്ക് താൽക്കാലിക അംഗത്വമെടുത്തും പദ്ധതിയിൽ ചേരാം

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതത്വം ലക്ഷ്യമാക്കി മത്സ്യഫെഡ് വ്യക്തിഗത അപകട ഇൻഷുറൻസ് അവതരിപ്പിച്ചു. അന്ത്യോദയ ശ്രമിക് സുരക്ഷാ യോജന എന്ന പേരിൽ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 10 ലക്ഷം രൂപ വരെയുള്ള ആനുകൂല്യമാണ് ലഭിക്കുക. മത്സ്യ ഫെഡ് വഴിയാണ് പദ്ധതിയിൽ ചേരേണ്ടത്. അപകടമരണത്തിനും അപകടംമൂലം പൂർണമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിലും 10 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കും.

അപകടത്തിൽ ഭാഗികമായ അംഗവൈകല്യം സംഭവിച്ച് മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്നവർക്ക് അംഗവൈകല്യ ശതമാനം അനുസരിച്ച് പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കും അപകടത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചാൽ ആശുപത്രി ചെലവായി പരമാവധി ഒരു ലക്ഷം രൂപ വരെ ചികിത്സാ ചെലവിനത്തിലും ലഭിക്കും.

## കോവിഡ് രോഗിയെ ആംബുലൻസ് ഡ്രൈവർ പീഡിപ്പിച്ച കേസ്: പ്രതി നൗഫലിന് ജീവപര്യന്തം തടവ്

പത്തനംതിട്ട: കോവിഡ് ബാധിതയെ ആംബുലൻസിൽ വച്ച് പീഡിപ്പിച്ച കേസിൽ പ്രതി കായംകുളം കീരിക്കാട് സൗത്ത് പനയ്ക്കച്ചിറയിൽ നൗഫലിന് (29) ജീവപര്യന്തം തടവുശിക്ഷ. പത്തനംതിട്ട പ്രിൻസിപ്പൽ സെഷൻസ് കോടതിയുടേതാണ് വിധി. തടവിനു പുറമേ 1,08,000 രൂപ പിഴശിക്ഷയും വിധിച്ചു. നൗഫൽ കുറ്റക്കാരനാണെന്ന് കോടതി വ്യാഴാഴ്ച കണ്ടെത്തിയിരുന്നു. ഐപിസി 366,376,354 എന്നീ വകുപ്പുകൾ പ്രകാരവും പട്ടികജാതി പീഡന നിരോധന നിയമം 5 എ വകുപ്പുപ്രകാരവുമാണ് ഇയാൾ കുറ്റം ചെയ്തതായി കോടതി വ്യക്തമാക്കിയത്. പ്രതിക്കു ജീവപര്യന്തം തടവ് നൽകണമെന്ന് പ്രോസിക്യൂട്ടർ ടി. ഹരികൃഷ്ണൻ വാദിച്ചിരുന്നു.

2020 സെപ്റ്റംബർ അഞ്ചിനാണ് സംഭവം ഉണ്ടായത്. പന്തളം സ്വദേശിയായ യുവതിയെ അടൂരിലെ ആശുപത്രിയിൽനിന്നും പന്തളം അർച്ചന ആശുപത്രിയിലെ കോവിഡ് സെൻററിലേക്ക് കൊണ്ടുപോകുന്നതിനിടെ ആറന്മുള വിമാനത്താവള പദ്ധതിപ്രദേശത്ത് കൊണ്ടുപോയി ആംബുലൻസിൽ വച്ച് ക്രൂരമായി പീഡിപ്പിച്ചെന്നാണ് കേസ്.

## വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം; കെ. എം. എബ്രഹാമിനെതിരേ സിബിഐ അന്വേഷണത്തിന് ഉത്തരവ്

കൊച്ചി: മുൻ ചീഫ് സെക്രട്ടറി കെ. എം. എബ്രാഹാമിനെതിരേ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന പരാതിയിൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിലാണ് ഉത്തരവ്.

കൊച്ചി സിബിഐ യൂണിറ്റിനാണ് കേസ് ഏറ്റെടുക്കാനുള്ള നിർദേശം ഹൈക്കോടതി നൽകിയത്. കെ. എം. എബ്രഹാം വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന് ചൂണ്ടിക്കാട്ടി 2015-ലാണ് ജോമോൻ പുത്തൻപുരയ്ക്കൽ മുഖ്യമന്ത്രിക്ക് പരാതി നൽകിയത്. 2015-ൽ ധനവകുപ്പിൽ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു കെ. എം. എബ്രഹാം. ഈ കാലഘട്ടത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്നായിരുന്നു പരാതി.

ഇതിൽ തുടർനടപടി ഉണ്ടാകാത്തതിനെ തുടർന്നാണ് പരാതിക്കാരൻ കോടതിയെ സമീപിച്ചു. നിലവിൽ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി, കിഫ്ബി സിഇഒ എന്നി പദവികളിൽ തുടരുകയാണ് കെ എം എബ്രഹാം.



# ക്ഷേത്രോത്സവങ്ങളിൽ വൈദ്യുത സുരക്ഷ ഉറപ്പാക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിർദേശങ്ങൾ

ക്ഷേത്രോത്സവകാലം ആസ്വാദ്യകരവും സുരക്ഷിതവുമാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കാം.

പൊങ്കാല ഉള്ളപക്ഷം വൈദ്യുത പോസ്റ്റിനു ചുവട്ടിലും താഴ്ന്ന് കിടക്കുന്ന വൈദ്യുത ലൈനുകൾക്കടിയിലും പൊങ്കാലയിടാതിരിക്കാൻ ശ്രദ്ധിക്കുക.

ക്ഷേത്ര പരിസരങ്ങളിൽ ശബ്ദം, വെളിച്ചം എന്നിവയ്ക്ക് ഉപയോഗിക്കുന്ന വൈദ്യുത വയറുകൾ, സ്വിച്ചുകൾ, സ്വിച്ച് ബോർഡുകൾ എന്നിവ ഗുണനിലവാരം ഉള്ളവ മാത്രം ഉപയോഗിക്കുക.

ഉത്സവ വേളകളിൽ ജനറേറ്റർ ഉപയോഗിച്ചും അല്ലാതെയുമുള്ള വൈദ്യുത ദീപാലങ്കാരങ്ങൾ അംഗീകാരമുള്ള കോൺട്രാക്ടർ മുഖാന്തിരം നടത്തി ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ മുൻകൂർ അനുമതി വാങ്ങണം.വഴിയരികിൽ സ്ഥാപിക്കുന്ന ട്യൂബ് ലൈറ്റുകൾ, ദീപാലങ്കാരങ്ങൾ പൊതുജനങ്ങൾക്ക് കയ്യെത്താത്ത ഉയരത്തിൽ സ്ഥാപിക്കുക.

ഗേറ്റുകൾ. ഇരുമ്പ് തൂണുകൾ, ഗ്രില്ലുകൾ, ലോഹ ബോർഡുകൾ എന്നിവയിൽ കൂടി ദീപാലങ്കാരങ്ങൾ ചെയ്യരുത്.

വൈദ്യുത ലൈനിനു സമീപത്തായി ബാനറുകൾ, പരസ്യബോർഡുകൾ മുതലായവ സ്ഥാപിക്കാതിരിക്കുക.

ഇൻസുലേഷൻ നഷ്ടപ്പെട്ടതോ, ദ്രവിച്ചതോ, പഴകിയതോ, കൂട്ടി യോജിപ്പിച്ചതോ ആയ വയറുകൾ വയറിംഗിനായി ഉപയോഗിക്കാതിരിക്കുക.

വൈദ്യുത ലൈനുകൾക്ക് സമീപത്തുകൂടിയോ അടിയിലൂടെയോ വൈദ്യുതീകരണത്തിനായുള്ള വയറുകൾ അലക്ഷ്യമായി എടുക്കുകയോ, എറിയുകയോ ചെയ്യാതിരിക്കുക.

താത്കാലിക വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ ഗുണമേന്മയുള്ള ഇ.എൽ.സി.ബി. (30 എം എ) സ്ഥാപിക്കുക.

വിളക്കുകെട്ടിനു മുളം തൂണുകളിൽ ട്യൂബ് ലൈറ്റുകളോ ബൾബുകളോ കെട്ടി കയ്യിൽ വഹിച്ചു കൊണ്ടു പോകുന്നത് ഒഴിവാക്കുക.

വളരെ ഉയരമുള്ളതും വലിപ്പമുള്ളതുമായ ഫ്ളോട്ടുകൾ വാഹനത്തിൽ കൊണ്ടുപോകാതിരിക്കുക.

ഫ്ളോട്ടുകൾ വൈദ്യുത ലൈനിനു സമീപം വരുമ്പോൾ ലൈനുകൾ സ്വയം ഉയർത്താൻ ശ്രമിക്കാതിരിക്കുക.

വൈദ്യുത പോസ്റ്റുകളിൽ അലങ്കാര വസ്തുക്കൾ സ്ഥാപിക്കാതിരിക്കുക. അനധികൃതമായ വയറിംഗ് നടത്താതിരിക്കുക.

തുടർച്ചയായ വൈദ്യുത കണക്ഷൻ എടുക്കുന്നതിന് ഗുണനിലവാരമുള്ള പ്ലഗ്ഗുകൾ, സോക്കറ്റുകൾ, കണക്ടറുകൾ എന്നിവ ഉപയോഗിക്കുക.

കെട്ടുകാഴ്ചകൾ കെ എസ് ഇ ബി എൽ നിശ്ചയിച്ചിട്ടുള്ള ഉയരത്തിലും വലിപ്പത്തിലും നിർമിക്കാൻ ശ്രദ്ധിക്കണം. കൂടാതെ കെട്ടുകാഴ്ചകൾ കടന്നുപോകുന്ന വിവരം അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ മുൻകൂറായി അറിയിക്കണം.



വിഷു - ഈസ്റ്റർ സഹകരണ വിപണി മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യുന്നു

# സഹകരണ വിപണി പൊതുജനങ്ങൾ പ്രയോജനപ്പെടുത്തണം: മന്ത്രി വി എൻ വാസവൻ

### *വിഷു – ഈസ്റ്റർ സഹകരണ വിപണി തുടങ്ങി

വിഷു – ഈസ്റ്റർ ഉത്സവസീസണിൽ കൺസ്യൂമർഫെഡ് ആരംഭിക്കുന്ന സഹകരണ വിപണി പൊതുജനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. തിരുവനന്തപുരം സ്റ്റാച്യുവിൽ വിഷു – ഈസ്റ്റർ സഹകരണ വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് എല്ലാ കാലഘട്ടത്തിലും കൺസ്യൂമർഫെഡ് ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്താറുണ്ട്. വിഷു – ഈസ്റ്റർ പ്രമാണിച്ച് സംസ്ഥാനത്ത് 170 കേന്ദ്രങ്ങളിൽ വിപണി ആരംഭിക്കുകയാണ്. 10 ശതമാനം മുതൽ 35 ശതമാനം വരെ വിലക്കുറവിൽ സാധനങ്ങൾ വിപണിയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കും. വിവിധ സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവവൈവിധ്യ ഉൽപ്പന്നങ്ങളും വിപണനത്തിനുണ്ട്. ഉത്സവകാലത്ത് സർക്കാർ നടത്തുന്ന വിപണി ഇടപെടലിലൂടെ വില നിലവാരം കൃത്യമായി നിയന്ത്രിക്കാനും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് എത്തിക്കാനും കഴിയുന്നതായി മന്ത്രി പറഞ്ഞു.കഴിഞ്ഞ എട്ടു വർഷങ്ങളിലേറെയായി 13 സാധനങ്ങൾ ഒരേ വിലയിൽ നൽകുന്ന സാഹചര്യം കൺസ്യൂമർഫെഡ് സ്വീകരിച്ചുവരുന്നു. സഹകരണ മേഖലയിൽ 400 ലധികം ഉൽപ്പന്നങ്ങൾ ഉൽപ്പാദനം ചെയ്യുന്നുണ്ടെന്നും അമേരിക്കയിലേക്കും അറബ് രാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്യുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും, 156 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലുമായിട്ടാണ് 170 വിഷു – ഈസ്റ്റർ വിപണികേന്ദ്രങ്ങളുള്ളത്. ഏപ്രിൽ 21 വരെയാണ് വിപണി പ്രവർത്തിക്കുന്നത്.

## അപേക്ഷ ക്ഷണിച്ചു

റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം 'Fellowship in Onco Surgical Anaesthesis & Fellowship in Oncologic Imaging" പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഏപ്രിൽ 19 ന് വൈകിട്ട് 4 വരെ അപേക്ഷകൾ സ്വീകരിക്കും. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും www.rcctvm.gov.in സന്ദർശിക്കാം.

# അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സി – മെറ്റ്) യുടെ കീഴിലുള്ള സിമെറ്റ് നഴ്സിംഗ് കോളേജുകളിലെ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ (ഉദുമ, താനൂർ, മലമ്പുഴ, ധർമടം), സീനിയർ ലക്ചറർ (ഉദുമ, മലമ്പുഴ, പള്ളുരുത്തി), ലക്ചറർ /ട്യൂട്ടർ (താനൂർ, പള്ളുരുത്തി, ധർമടം, തളിപ്പറമ്പ) തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം.

യോഗ്യത: അസിസ്റ്റന്റ് പ്രൊഫസർ – എം.എസ്.സി നഴ്സിംഗ് ബിരുദം, എം.എസ്.സി നഴ്സിംഗിന് ശേഷം മൂന്ന് വർഷത്തെ അധ്യാപനപരിചയം. സീനിയർ ലക്ചറർ: എം.എസ്.സി നഴ്സിംഗ് ബിരുദം, രണ്ട് വർഷത്തെ അധ്യാപനപരിചയം. ലക്ചറർ /ട്യൂട്ടർ – എം.എസ്.സി നഴ്സിംഗ് അല്ലെങ്കിൽ ബി.എസ്.സി / പോസ്റ്റ് ബേസിക് നഴ്സിംഗും ഒരു വർഷത്തെ പ്രവർത്തിപരിചയവും. പരമാവധി പ്രായം: 50 വയസ് (എസ്.സി/എസ്.ടി, ഒ.ബി.സി വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സിളവുണ്ട്)

അപേക്ഷ ഫീസ്: ജനറൽ വിഭാഗത്തിന് 250 രൂപയും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് 100 രൂപയും. ഫീസ് സിമെറ്റിന്റെ വെബ്സൈറ്റിലുള്ള (www.simet.in) SB Collect/Challan മുഖേന അടക്കാവുന്നതാണ്. www.simet.in നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ചു ബയോഡേറ്റ, വയസ് തെളിയിക്കുന്ന സിർട്ടിഫിക്കറ്റ്, ബി.എസ്.സി നഴ്സിംഗ്/ എം.എസ്.സി നഴ്സിംഗ്/ ഡിഗ്രി സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ പ്രവൃർത്തിപരിചയ സർട്ടിഫിക്കറ്റുകൾ, സാധുവായ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ, സംവരണാനുകൂല്യമുള്ള ഉദ്യോഗാർത്ഥികൾ ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, സിമെറ്റ് പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ഏപ്രിൽ 25 നകം സമർപ്പിക്കണം

# വേനൽക്കാലത്തെ വൈദ്യുത സുരക്ഷ: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ മാർഗ നിർദ്ദേശങ്ങൾ

വൈദ്യുത അപകടങ്ങൾ തടയുന്നതിനും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനും താഴെ പറയുന്ന മാർഗ നിർദ്ദേശങ്ങൾ പാലിക്കുക.

വൈദ്യുതി ലൈനിനു സമീപം നിൽക്കുന്ന വൃക്ഷങ്ങളിലെ കായ്കനികൾ ഇരുമ്പ് തോട്ടി/ ഏണി എന്നിവ ഉപയോഗിച്ച് അടർത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.തീപിടിക്കുന്നതോ തീപിടിക്കാൻ സഹായിക്കുന്നതോ ആയ വസ്തുക്കൾ വൈദ്യുത ഉപകരണങ്ങളുടെ സമീപം വയ്ക്കാതിരിക്കുക.ട്രാൻസ്ഫോമറുകൾക്ക് സമീപത്തുനിന്നും വേണ്ടത്ര സുരക്ഷിത അകലം പാലിക്കുക.

ട്രാൻസ്ഫോമർ സ്റ്റേഷൻ ചുറ്റുവേലിക്ക് സമീപം സാധനസാമഗ്രികൾ സൂക്ഷിക്കുകയോ അനധികൃതമായി കടന്നുകയറുകയോ ചെയ്യാതിരിക്കുക.

ട്രാൻസ്ഫോമറുകൾ, വൈദ്യുത പോസ്റ്റുകൾ എന്നിവയുടെ ചുവട്ടിൽ ചപ്പുചവറുകൾ കൂട്ടിയിടാതിരിക്കുക.വൈദ്യുതി ലൈനിന് കീഴിലായി ചവറുകൾക്ക് തീയിടാതിരിക്കുക.

എയർ കണ്ടീഷണർ, കംപ്രസർ എന്നിവ കൺട്രോൾ ചെയ്യുന്ന എം.സി.ബി / ഇ.എൽ.സി.ബി എന്നിവ പ്രവർത്തനക്ഷമമമാണോ എന്നു പരിശോധിച്ച് ഉറപ്പാക്കുക.എ.സി യൂണിറ്റുകളുടെ ആനുവൽ മെയിന്റനൻസ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുക.

## എംഡിഎംഎ വിൽപന; ഉഗാണ്ടൻ യുവതി പിടിയിൽ

മലപ്പുറം: വിദ്യാദ്യാസ സ്ഥാപനങ്ങളും മറ്റും കേന്ദ്രീകരിച്ച് എംഡിഎംഎ വിൽപന നടത്തി വന്ന സംഘത്തിലെ പ്രധാന പ്രതി പിടിയിൽ. ഉഗാണ്ട സ്വദേശിനിയായ നാകുബുറെ ടിയോപിസ്റ്റ (30) ആണ് പിടിയിലായത്.

ബുധനാഴ്ച ബംഗളൂരു ഇലക്ട്രോണിക്ക് സിറ്റി ഭാഗത്തുനിന്നാണ് അരീക്കോട് പോലീസ് യുവതിയെ പിടികൂടിയത്. കുപ്രസിദ്ധ കുറ്റവാളി അരീക്കോട് പൂവത്തിക്കൽ സ്വദേശി അസീസ് (43), എടവണ്ണ മുണ്ടേങ്ങര സ്വദേശി ഷമീർ ബാബു (42) എന്നിവരെ ഒരാഴ്ച മുമ്പ് 200 ഗ്രാം എംഡിഎംഎയുമായി അരീക്കോട് തേക്കിൻച്ചുവട് വച്ച് പിടികൂടിയിരുന്നു. ബംഗളൂരുവിൽനിന്ന് എത്തിച്ച ലഹരി വിൽക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഇരുവരും പിടിയിലായത്. ഇവർക്ക് ലഹരി മരുന്ന് നൽകിയ പൂവത്തിക്കൽ സ്വദേശി അനസ്, കണ്ണൂർ മയ്യിൽ സ്വദേശി സുഹൈൽ എന്നിവരെയും പോലീസ് പിടികൂടി. പിന്നാലെയാണ് സംഘത്തിലെ പ്രധാനിയായ ഉഗാണ്ട യുവതി പിടിയിലാകുന്നത്. ഇതോടെ കേസിൽ പിടിയിലാകുന്ന പ്രതികളുടെ എണ്ണം അഞ്ചായി. 10 ലക്ഷം രൂപയുടെ ലഹരി വസ്തുക്കളാണ് ഇവരിൽ നിന്നു പിടികൂടിയത്.

## ഇങ്ങനെ പോയാൽ കേസ് സിബിഐക്ക് വിടും; കരുവന്നൂർ കേസിൽ പോലീസിനെ വിമർശിച്ച് ഹൈക്കോടതി

കൊച്ചി: കരുവന്നൂർ ബാങ്ക് ക്രമക്കേടിൽ സംസ്ഥാന പോലീസ് അന്വേഷണത്തെ വിമർശിച്ച് ഹൈക്കോടതി. നാല് വർഷമായിട്ടും അന്വേഷണ പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടെന്ന് കോടതി ചോദിച്ചു. ഇങ്ങനെ പോയാൽ കേസ് സിബിഐക്ക് കൈമാറേണ്ടി വരുമെന്നും കോടതി പറഞ്ഞു.

കരുവന്നൂർ കേസിന്റെ അന്വേഷണം സിബിഐക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കുകയായിരുന്നു കോടതി. കഴിഞ്ഞ നാല് വർഷമായി അന്വേഷണം നടത്തിയിട്ടും ഒരു കുറ്റപത്രം പോലും സമർപ്പിക്കാൻ പോലീസിന് കഴിഞ്ഞില്ലെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു ഹർജി.

സർക്കാരുമായും സിപിഎമ്മുമായും ബന്ധമുള്ളവരാണ് അന്വേഷണം നേരിടുന്നത്. ഈ സാഹചര്യത്തിൽ അന്വേഷണം സിബിഐക്ക് വിടണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. എന്നാൽ പോലീസിന്റെ കൈവശം രേഖകളില്ലെന്നും എല്ലാം ഇഡിയുടെ കൈയിലാണെന്നും അതുകൊണ്ടാണ് കുറ്റപത്രം സമർപ്പിക്കാത്തതെന്നുമായിരുന്നു സംസ്ഥാന സർക്കാരിന്റെ മറുപടി. പത്ത് വർഷത്തെ കണക്ക് ഇടപാടുകൾ പരിശോധിക്കാൻ കുറഞ്ഞത് മൂന്ന് മാസത്തെ സമയമെങ്കിലും വേണമെന്നും സർക്കാർ ആവശ്യപ്പെട്ടു. ഇതോടെയാണ് ഇങ്ങനെ പോയാൽ കേസ് സിബിഐക്ക് വിടേണ്ടി വരുമെന്ന് കോടതി വ്യക്തമാക്കിയത്.

## റഗ്ബി അണ്ടർ 18 ടീം സെലക്ഷൻ ട്രയൽസ്

ബീഹാറിൽ വച്ച് നടക്കുന്ന 7–ാം മത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ പങ്കെടുക്കുവാനുള്ള കേരള റഗ്ബി ടീമിന്റെ (ആൺ/ പെൺ) (അണ്ടർ 18 ടീം – 01.01.2007 നോ അതിനുശേഷമോ ജനിച്ചവർ ആയിരിക്കണം) സെലക്ഷൻ ട്രയൽസ് ഏപ്രിൽ 14ന് രാവിലെ 10ന് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ വച്ചും വോളിബോൾ (പെൺകുട്ടികൾ), ബാസ്ക്കറ്റ്ബോൾ (പെൺകുട്ടികൾ) (അണ്ടർ 18 ടീം – 01.01.2007 നോ അതിനുശേഷമോ ജനിച്ചവർ ആയിരിക്കണം) എന്നീ ടീമുകളുടെ സെലക്ഷൻ ഏപ്രിൽ 15ന് രാവിലെ 10ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ചും നടത്തും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജനന സർട്ടിഫിക്കറ്റ്, ആധാർ, സ്കൂൾ/ കോളേജ് ബോണഫൈഡ് സർട്ടിഫിക്കറ്റ്, പ്രസ്തുത കായിക ഇനത്തിലെ മികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ്, 3 പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ സഹിതം ട്രയൽസിന് ഹാജരാകണം.

# നാലുവർഷ ബിരുദം മൂന്നാം സെമസ്റ്ററിലേക്ക്; മുന്നൊരുക്ക യോഗങ്ങൾക്ക് 22ന് തുടക്കം

സംസ്ഥാനത്തെ കലാലയങ്ങളിൽ ആരംഭിച്ച നാലു വർഷ ബിരുദ പരിപാടി ആദ്യ രണ്ടു സെമസ്റ്ററുകൾ പൂർത്തിയാക്കി രണ്ടാംവർഷത്തിലേക്ക് കടക്കുന്നതിനു മുന്നോടിയായി വിപുലമായ യോഗങ്ങൾ വിളിച്ചു ചേർക്കുമെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു.

സർവകലാശാലകളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന ആസൂത്രണയോഗം ഏപ്രിൽ 22ന് രാവിലെ പത്തുമണിക്ക് കേരള സർവകലാശാല സെനറ്റ് ചേമ്പറിൽ ചേരും.

വിദ്യാർത്ഥികൾക്ക് കോളേജുകളും സർവകലാശാലകളും മാറാനും മേജർ വിഷയത്തിൽ മാറ്റം വരുത്താനും അവസരങ്ങളോടെയാണ് നാലുവർഷ ബിരുദപരിപാടിയുടെ മൂന്നാം സെമസ്റ്ററിന് തുടക്കമാവുക. ഇതിന്റെയും, മിടുക്കരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ കാലയളവിൽ ബിരുദപഠനം പൂർത്തിയാക്കാൻ അവസരം നൽകുന്ന എൻ മൈനസ് വൺ സംവിധാനത്തിന്റെയും വിശദമായ മുന്നൊരുക്കമാണ് സർവകലാശാല പ്രതിനിധികളുടെ യോഗത്തിന്റെ മുഖ്യ ലക്ഷ്യം. അടുത്ത വർഷത്തെ ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും യോഗം ആസൂത്രണം ചെയ്യും. ലഹരിവിരുദ്ധ ക്യാമ്പയിൻ, വിജ്ഞാനകേരളം പദ്ധതി എന്നിവ കൂടി യോഗത്തിന്റെ അജണ്ടയാവും. സർവകലാശാല വൈസ് ചാൻസലർമാർ, രജിസ്ട്രാർമാർ, സിണ്ടിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

തുടർന്ന് ഏപ്രിൽ 29ന് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജ് പ്രിൻസിപ്പൽമാരുടെ യോഗവും തിരുവനന്തപുരത്ത് ചേരും. അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ യോഗവും പിറകെ വിളിച്ചു ചേർക്കും.

അടുത്ത വിദ്യാഭ്യാസ വർഷത്തിലെ കലാലയ പ്രവർത്തനങ്ങൾക്കുള്ള മുന്നൊരുക്കമായാണ് ഈ യോഗങ്ങൾ വിളിച്ചുചേർക്കുന്നതെന്ന് മന്ത്രി ഡോ. ബിന്ദു പറഞ്ഞു. ലഹരിവിരുദ്ധ ക്യാമ്പയിൻ, വിദ്യാർത്ഥികൾക്ക് തൊഴിലും നൈപുണിയും ഉറപ്പു വരുത്തുന്ന വിജ്ഞാനകേരളം പദ്ധതി എന്നിവ വിപുലീകരിക്കുന്നതിനുള്ള രൂപരേഖ ഈ യോഗങ്ങളിൽ തയ്യാറാക്കും – മന്ത്രി പറഞ്ഞു.

# തിരുവനന്തപുരം വിമാനത്താവള പരിസരത്തെ പക്ഷി ശല്യം ഒഴിവാക്കാൻ നടപടി

തിരുവനന്തപുരം വിമാനത്താവള പരിസരത്തെ പക്ഷി ശല്യം ഒഴിവാക്കാൻ നടപടിയെടുക്കും. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. അറവ് മാലിന്യം ശാസ്ത്രിയമായി സംസ്ക്കരിക്കാനും അറവ് കേന്ദ്രീകൃതമാക്കാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു. പൊതുസ്ഥലത്തെ അറവും ലൈസൻസ് ഇല്ലാത്ത സ്റ്റാളുകളും ബദൽ സംവിധാനം ഉറപ്പാക്കി ഒഴിവാക്കണം. കോർപ്പറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് വിമാനത്താവളത്തിന്റെ സിഎസ്ആർ ഫണ്ട് കൂടി ഉപയോഗിക്കണം. മാലിന്യ നിക്ഷേപ സാധ്യതാ സ്ഥലങ്ങളിൽ സിസിടിവി നിരീക്ഷണം ഉറപ്പാക്കണം. ഹരിതകർമ്മ സേന ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കണം. അജൈവ മാലിന്യ സംസ്ക്കരണവും ശക്തിപ്പെടുത്തണം.

എയർപോർട്ട് പരിസര പ്രദേശം മുഴുവൻ സമ്പൂണ മാലിന്യ മുക്തമാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ മാതൃകപരമായ നടപടി സ്വീകരിക്കണം. അറവ് മാലിന്യം ഉൾപ്പെടെ തള്ളുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നടപടി സ്വീകരിക്കണം. ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കണം. റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീഅയൽകൂട്ടം, സാമൂഹ്യ, സമുദായിക, സാംസ്കാരിക സംഘടനകളുടെ യോഗം വിളിച്ച് പക്ഷി ശല്യം ഉണ്ടാക്കുന്ന അപകടാവസ്ഥയെക്കുറിച്ചും മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരിക്കണം. കോർപ്പറേഷന്റെ നേതൃത്വത്തിലാണ് ഇക്കാര്യങ്ങളൊക്കെ നടത്തേണ്ടത്. വിമാനത്താവള മാനേജ്മെന്റെ പ്രതിനിധി, കോർപ്പറേഷൻ പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. മാതൃകാപരമായ ഭൂപ്രദേശമാക്കി എയർപോർട്ട് പരിസരത്തെ മാറ്റാനുള്ള നടപടികൾക്ക് സർക്കാർ എല്ലാവിധ പിന്തുണയും നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എംബി രാജേഷ്, അഡീഷണൽ ചീഫ് സെക്രട്ടറിമാരായ എ ജയതിലക്, കെ ആർ ജ്യോതിലാൽ, തദ്ദേശ സ്വയം ഭരണ സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ തുടങ്ങിയവർ സംസാരിച്ചു.

# അമ്പലമുക്ക് വിനീത വധക്കേസ്: പ്രതി രാജേന്ദ്രൻ കുറ്റക്കാരൻ, മാനസിക നില പരിശോധനാ റിപ്പോർട്ട് തേടി കോടതി

തിരുവനന്തപുരം: അമ്പലമുക്ക് വിനീത വധക്കേസിൽ പ്രതി തമിഴ്നാട് സ്വദേശിയായ രാജേന്ദ്രൻ കുറ്റക്കാരനെന്ന് കോടതി. തിരുവനന്തപുരം ഏഴാം അഡിഷണൽ സെഷൻസ് ജഡ്ജി പ്രസൂൺ മോഹനാണ് കേസിൽ വാദംകേട്ടത്.

കേസ് അപൂർവങ്ങളിൽ അപൂർവമാണെന്നും പ്രതിക്ക് വധശിക്ഷ തന്നെ നൽകണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. പ്രോസിക്യൂഷന്റെ വാദം പൂർണമായും ശരിവെച്ച് കൊണ്ടാണ് അമ്പലമുക്ക് വിനീത കൊലക്കേസിൽ പ്രതി കുറ്റക്കാരനെന്ന് കോടതി വിധിച്ചിരിക്കുന്നത്.

അതേസമയം, കേസിൽ ശിക്ഷാവിധി പ്രസ്താവിച്ചിട്ടില്ല. പ്രതിയുടെ മാനസിക നില പരിശോധിക്കാനുള്ള റിപ്പോർട്ട് അടക്കം ഏഴ് റിപ്പോർട്ടുകൾ സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടു. ജില്ലാ കളക്ടർ, സൈക്കോളജിസ്റ്റ്, ജയിൽ സൂപ്രണ്ട്, റവന്യൂ വകുപ്പ് എന്നിവരുടെ റിപ്പോർട്ടുകൾ പരിഗണിച്ച ശേഷമാകും ശിക്ഷ വിധിക്കുക. ഈ മാസം 21 ന് കേസ് വീണ്ടും പരിഗണിക്കും.

2022 ഫെബ്രുവരി ആറിനാണ് അമ്പലമുക്കിൽ അലങ്കാര ചെടി വിൽപ്പന ശാലയിലെ ജീവനക്കാരിയായിരുന്ന വിനീത കഴുത്തറത്ത് കൊലചെയ്യപ്പെട്ടത്. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് തമിഴ്നാട് കന്യാകുമാരി ജില്ലയിലെ തോവാള വെള്ളമടം രാജീവ് നഗർ സ്വദേശി രാജേന്ദ്രൻ പിടിയിലായത്.

തമിഴ്നാട്ടിൽ മൂന്നു പേരെ കൊലപ്പെടുത്തിയ കേസിൽ ജയിലിൽ നിന്നും ജാമ്യത്തിലിറങ്ങിയ രാജേന്ദ്രൻ പേരൂർക്കടയിലെ ചായക്കടയിൽ ജോലി ചെയ്യുമ്പോഴാണ് വിനീതയെ കൊലപ്പെടുത്തിയത്. വിനീതയുടെ കഴുത്തിലുണ്ടായിരുന്ന നാലര പവന്റെ സ്വർണമാലയ്ക്കു വേണ്ടിയായിരുന്നു ഈ ക്രൂരകൃത്യം നടത്തിയത്.

ചെടി വാങ്ങാൻ എന്ന വ്യാജേന കടയിലെത്തിയ രാജേന്ദ്രൻ ചെടികൾ കാണിച്ചു കൊടുത്ത വിനീതയെ പിന്നിൽ നിന്ന് പിടിച്ച് കഴുത്തിൽ കത്തി കുത്തിയിറക്കുകയായിരുന്നു. തുടർന്ന് തമിഴ്നാട്ടിലെ കാവൽ കിണറിന് സമീപത്തെ ലോഡ്ജിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ ഫെബ്രുവരി 11 ന് പേരൂർക്കട സിഐ വി. സജികുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം കസ്റ്റഡിയിലെടുക്കുകയായിരുന്നു.

ഈമാസം രണ്ടിന് കേസിന്റെ അന്തിമ വാദം പൂർത്തിയായിരുന്നു. 96 സാക്ഷികളെയാണ് കോടതി വിസ്തരിച്ചത്.

# റാണയും ഹെഡ്‌ലിയും; 26/11ന് അടിത്തറയൊരുക്കിയ ബാല്യകാല സുഹൃത്തുക്കൾ

ന്യൂഡൽഹി: ഡാനിഷ് ദിനപത്രത്തിനെതിരേ സ്‌ഫോടനം ആസൂത്രണം ചെയ്‌തെന്ന ആരോപണത്തിൽ പാക്-യുഎസ് തീവ്രവാദിയായ ഡേവിഡ് കോൾമാൻ ഹെഡ്‌ലിയെ 2009ൽ അമേരിക്ക അറസ്റ്റ് ചെയ്തപ്പോൾ മുംബൈ ഭീകരാക്രമണത്തിനു പിന്നിലെ കൂടുതൽ ഗൂഢാലോചനകളിലേക്കും വെളിച്ചം വീശുകയായിരുന്നു.

ഹെഡ്‌ലിയെ എഫ്ബിഐ കൂടുതൽ ചോദ്യം ചെയ്തതിൽനിന്നാണ് മുംബൈ ഭീകരാക്രമണത്തിലെ തന്റെയും തഹാവൂർ റാണയുടെയും പങ്കിനെപ്പറ്റി ഹെഡ്‌ലി വെളിപ്പെടുത്തിയത്. തന്റെ ബാല്യകാല സുഹൃത്തിനെക്കുറിച്ചുള്ള ഹെഡ്‌ലിയുടെ വെളിപ്പെടുത്തലുകളാണ് 16 വർഷങ്ങൾക്കുശേഷം മുംബൈ ഭീകരാക്രമണത്തിലെ മുഖ്യപ്രതിയെ ഇന്ത്യയുടെ പിടിയിലാക്കിയത്.



പാക് പഞ്ചാബിലെ ഹസൻ അബ്ദൽ സൈനിക സ്കൂളിൽ പഠിക്കുന്ന കാലത്താണ് ഹെഡ്‌ലി റാണയുമായി പരിചയത്തിലാകുന്നത്. പിന്നീട് പാക്കിസ്ഥാൻ സേനയ്ക്കുവേണ്ടി ഹ്രസ്വകാലം മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിച്ചതിനുശേഷം ആദ്യം കാനഡയിലേക്കും പിന്നീട് അമേരിക്കയിലേക്കും റാണ പലായനം ചെയ്തു.

'ഫസ്റ്റ് വേൾഡ് ഇമിഗ്രേഷൻ സർവീസസ്' എന്നപേരിൽ ഇമിഗ്രേഷൻ സേവനങ്ങൾ നൽകുന്ന ഓഫീസുകൾ ഷിക്കാഗോയിലും മറ്റു നഗരങ്ങളിലും പ്രവർത്തിപ്പിച്ചുവരികയായിരുന്നു റാണ.

അതേസമയം, പാക്കിസ്ഥാനിലെ ലഷ്കർ-ഇ-തോയിബ ക്യാമ്പുകളിൽ തീവ്രവാദ പരിശീലനത്തിലായിരുന്നു ഹെഡ്‌ലി. 2005ന്റെ അവസാനത്തോടെ തീവ്രവാദ ആക്രമണം നടത്തുന്നതിനു മുമ്പായി ഇന്ത്യയിൽ നിരീക്ഷണം നടത്താൻ ലഷ്കർ-ഇ-തോയിബ ഹെഡ്‌ലിയോട് നിർദേശിച്ചു. 2008ലെ ഭീകരാക്രമണത്തിന് മുമ്പായി അഞ്ചു തവണയാണ് ഹെഡ്‌ലി ഇന്ത്യയിലെത്തിയത്. 2006ന്റെ പകുതിയോടെ നിരീക്ഷണത്തിനുള്ള മറവിൽ മുംബൈയിൽ ഒരു ഇമിഗ്രേഷൻ ഓഫീസ് സ്ഥാപിക്കുന്നതിനെക്കുറിച്ചു ലഷ്കർ-ഇ-തോയിബയും ഹെഡ്‌ലിയും ചർച്ച ചെയ്തു. വർഷങ്ങളായി ഇരുധ്രുവങ്ങളിലുള്ള രാജ്യങ്ങളിലായിരുന്നെങ്കിലും അടുത്ത ബന്ധംതന്നെ ബാല്യകാല സുഹൃത്തുക്കളായ ഹെഡ്‌ലിയും റാണയും കാത്തുസൂക്ഷിച്ചിരുന്നു. അതുകൊണ്ടു തന്നെ ഇന്ത്യയിൽ തീവ്രവാദ ആക്രമണത്തിന് ലക്ഷ്യമിടുന്ന സ്ഥലങ്ങൾ കണ്ടെത്താനായുള്ള ഉദ്യമത്തിന് ഹെഡ്‌ലി ഷിക്കാഗോയിലെത്തി റാണയുടെ സഹായം തേടി.

അമേരിക്കയിൽ ഇമിഗ്രേഷൻ സേവനങ്ങൾ നൽകുന്ന കമ്പനി നടത്തിവന്നിരുന്ന റാണയുമായി വീണ്ടും ഹെഡ്‌ലി ഒന്നിച്ചതാണ് പിന്നീടുള്ള തീവ്രവാദ ആക്രമണങ്ങൾക്കും വഴിതെളിച്ചത്.

റാണയുടെ സ്വന്തം കമ്പനിയായ 'ഫസ്റ്റ് വേൾഡ് ഇമിഗ്രേഷൻ സർവീസസി'ന്റെ പുതിയ ഓഫീസ് മുംബൈയിൽ സ്ഥാപിച്ചു. അതു മറയാക്കിയാണ് താൻ മുംബൈയിലെ തീവ്രവാദ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതെന്നാണ് അമേരിക്കൻ അധികാരികളുടെ പിടിയിലായതിനുശേഷം ഹെഡ്‌ലി വെളിപ്പെടുത്തിയത്. തന്റെ തീവ്രവാദബന്ധം അറിഞ്ഞുകൊണ്ടുതന്നെയാണ് റാണ ഇതിനു സമ്മതിച്ചതെന്നും ഹെഡ്‌ലി പറയുന്നു.

ഇതുകൂടാതെ പാക്കിസ്ഥാൻ വംശജനായ തനിക്ക് അമേരിക്കൻ പൗരത്വം വഴി എളുപ്പത്തിൽ ഇന്ത്യയിലേക്ക് യാത്ര ചെയ്യാനുള്ള വീസ തയാറാക്കി നൽകിയതും റാണയാണെന്ന് ഹെഡ്‌ലി വെളിപ്പെടുത്തി. മുംബൈ ഭീകരാക്രമണത്തിൽ റാണയ്ക്കു നേരിട്ട് പങ്കുണ്ടെന്നതിന് തെളിവായി ഹെഡ്‌ലി ഇന്ത്യയിൽ താമസിച്ച സമയത്തു റാണയുമായി ബന്ധപ്പെട്ട 200ലധികം ഫോൺ കോളുകളുമുണ്ട്.

നിലവിൽ അമേരിക്കൻ ജയിലിൽ കഴിയുന്ന ഹെഡ്‌ലിതന്നെ ഇന്ത്യക്കു കൈമാറില്ലെന്ന് അമേരിക്കൻ അധികൃതരുമായെത്തിയ ധാരണയിലാണ് മുംബൈ ഭീകരാക്രമണത്തിലെ തന്റെ ബാല്യകാല സുഹൃത്തിന്റെ പങ്ക് സംബന്ധിച്ചു മുംബൈയിലെ വിചാരണക്കോടതി മുമ്പാകെ വീഡിയോ കോൺഫറൻസിലൂടെ 2016ൽ മൊഴി നൽകിയത്.

# അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സി – മെറ്റ്) യുടെ കീഴിലുള്ള സിമെറ്റ് നഴ്സിംഗ് കോളേജുകളിലെ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ (ഉദുമ, താനൂർ, മലമ്പുഴ, ധർമടം), സീനിയർ ലക്ചറർ (ഉദുമ, മലമ്പുഴ, പള്ളുരുത്തി), ലക്ചറർ /ട്യൂട്ടർ (താനൂർ, പള്ളുരുത്തി, ധർമടം, തളിപ്പറമ്പ) തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം.

യോഗ്യത: അസിസ്റ്റന്റ് പ്രൊഫസർ – എം.എസ്.സി നഴ്സിംഗ് ബിരുദം, എം.എസ്.സി നഴ്സിംഗിന് ശേഷം മൂന്ന് വർഷത്തെ അധ്യാപനപരിചയം. സീനിയർ ലക്ചറർ: എം.എസ്.സി നഴ്സിംഗ് ബിരുദം, രണ്ട് വർഷത്തെ അധ്യാപനപരിചയം. ലക്ചറർ /ട്യൂട്ടർ – എം.എസ്.സി നഴ്സിംഗ് അല്ലെങ്കിൽ ബി.എസ്.സി / പോസ്റ്റ് ബേസിക് നഴ്സിംഗും ഒരു വർഷത്തെ പ്രവർത്തിപരിചയവും. പരമാവധി പ്രായം: 50 വയസ് (എസ്.സി/എസ്.ടി, ഒ.ബി.സി വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സിളവുണ്ട്)

അപേക്ഷ ഫീസ്: ജനറൽ വിഭാഗത്തിന് 250 രൂപയും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് 100 രൂപയും. ഫീസ് സിമെറ്റിന്റെ വെബ്സൈറ്റിലുള്ള (www.simet.in) SB Collect/Challan മുഖേന അടക്കാവുന്നതാണ്. www.simet.in നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ചു ബയോഡേറ്റ, വയസ് തെളിയിക്കുന്ന സിർട്ടിഫിക്കറ്റ്, ബി.എസ്.സി നഴ്സിംഗ്/ എം.എസ്.സി നഴ്സിംഗ്/ ഡിഗ്രി സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ, സാധുവായ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ, സംവരണാനുകൂല്യമുള്ള ഉദ്യോഗാർത്ഥികൾ ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, സിമെറ്റ് പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ഏപ്രിൽ 25 നകം സമർപ്പിക്കണം

# സ്നേഹപൂർവ്വം പദ്ധതി : അപേക്ഷ തീയതി നീട്ടി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ സ്നേഹപൂർവ്വം പദ്ധതി 2024–25 അധ്യയന വർഷത്തെ അപേക്ഷ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യുന്നതിനുള്ള തീയതി ഏപ്രിൽ 30 വരെ നീട്ടി. വിശദവിവരങ്ങൾക്ക് : വേു:/ /സൈാ.ശസാ.ശി . 30 ന് ശേഷം തീയതി നീട്ടി നൽകില്ല.

# ഇന്റേൺഷിപ്പ്

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥികളിൽ നിന്നും സംസ്ഥാന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നുമുള്ള പ്രൊവിഷണൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള എഫ്.എം.ജി വിദ്യാർഥികൾക്ക് അപേക്ഷ സമർപ്പിക്കാം. നോട്ടിഫിക്കേഷനും അപേക്ഷ ഫോമിനും www.dme.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക. ഇമെയിൽ: fmginternkerala@gmail.com .

# 'ലൈവ് സ്ട്രീമിംഗ് വേണം, ഹിയറിംഗ് റിക്കാർഡ് ചെയ്യണം': വിചിത്ര ആവശ്യവുമായി ചീഫ് സെക്രട്ടറിക്ക് പ്രശാന്തിന്റെ കത്ത്

തിരുവനന്തപുരം: അഡീഷണൽ ചീഫ് സെക്രട്ടറി ജയതിലകിനെയും കെ. ഗോപാലകൃഷ്ണൻ ഐഎഎസിനെയും സാമൂഹ്യ മാധ്യമങ്ങളിലൂടെ അധിക്ഷേപിച്ചെന്ന ആരോപണത്തിൽ സസ്പെൻഷനിലായ എൻ. പ്രശാന്ത് ഐഎഎസിന്റെ ഹിയറിംഗ് ഈ മാസം 16ന് നടക്കും. വൈകുന്നേരം 4.30ന് ചീഫ് സെക്രട്ടറിക്ക് മുൻപിൽ ഹാജരാകാനാണ് നിർദേശം.

അതേസമയം, ഹിയറിംഗിന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരനു മുന്നിൽ അസാധാരണ ഉപാധികളാണ് പ്രശാന്ത് മുന്നോട്ടുവച്ചിരിക്കുന്നത്. ഹിയറിംഗ് റിക്കാർഡ് ചെയ്യണം, ലൈവ് സ്ട്രീമിംഗ് വേണം തുടങ്ങിയ ആവശ്യങ്ങളാണ് അദ്ദേഹം മുന്നോട്ട് വച്ചിരിക്കുന്നത്. ഈ ആവശ്യങ്ങൾ ഉന്നയിച്ച് ചീഫ് സെക്രട്ടറിക്ക് പ്രശാന്ത് കത്തയച്ചു.

പൊതുതാത്പര്യം പരിഗണിച്ചാണ് ഇക്കാര്യങ്ങൾ ആവശ്യപ്പെട്ടതെന്നാണ് അദ്ദേഹം പറയുന്നത്. തന്നെ കേൾക്കാൻ ചീഫ് സെക്രട്ടറി തയാറാകണമെന്നാവശ്യപ്പെട്ട് പ്രശാന്ത് നേരത്തെ കത്ത് നൽകിയിരുന്നു.

എൻ. പ്രശാന്തിന്റെ പരാതിയിൽ നേരിട്ട് ഹിയറിംഗ് നടത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകുകയായിരുന്നു. ഇതിനു പിന്നാലെയാണ് നേരിട്ട് ഹാജരായി പ്രശാന്തിനു പറയാനുള്ള കാര്യങ്ങൾ ഉന്നയിക്കാൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ രേഖാമൂലം പ്രശാന്തിനു കത്ത് നൽകിയത്.

തനിക്ക് പറയാനുള്ള കാര്യങ്ങൾ കേൾക്കാതെ ഏകപക്ഷീയമായാണ് നടപടി സ്വീകരിച്ചതെന്ന് പ്രശാന്ത് ആരോപിച്ചിരുന്നു. കൂടാതെ തനിക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് പ്രശാന്ത് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി കൊടുത്തിരുന്നില്ല.

ഇതേ തുടർന്ന് മുഖ്യമന്ത്രിക്ക് ഉൾപ്പെടെ പ്രശാന്ത് പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രശാന്തിന്റെ പരാതിയിൽ നേരിട്ട് ഹിയറിംഗ് നടത്താൻ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് നിർദേശിച്ചത്.

# താൽക്കാലിക ഒഴിവ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) ട്രെയിനിംഗ് കോർഡിനേറ്റർ, പ്രോജക്ട് അസിസ്റ്റന്റ്, റിസർച്ച് അസോസിയേറ്റ് തസ്തികകളിൽ താൽക്കാലിക ഒഴിവുകളിലേക്ക് അപേക്ഷിക്കാം. യോഗ്യതകളും കൂടുതൽ വിവരങ്ങളും www.kittsedu.org ൽ ലഭിക്കും. അപേക്ഷകൾ ഏപ്രിൽ 19ന് മുമ്പായി ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം-695014 വിലാസത്തിൽ ലഭിക്കണം.

# സർവകക്ഷിയോഗവും മതമേലധ്യക്ഷൻമാരുടെ യോഗവും 16ന്

ലഹരി വിരുദ്ധ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ മതമേലധ്യക്ഷൻമാരുടെ യോഗവും സർവകക്ഷിയോഗവും വിളിച്ചു. ഏപ്രിൽ 16ന് രാവിലെ 11.30ന് മതമേലധ്യക്ഷൻമാരുടെ യോഗം നടക്കും. അന്ന് വൈകിട്ട് 3.30നാണ് സർവകക്ഷിയോഗം. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

# പ്രിൻസിപ്പൽ കൗൺസിലർ തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയ്ക്കുള്ള പ്രവേശന ടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

സംസ്ഥാനത്തെ കുടുംബ കോടതികളിൽ പ്രിൻസിപ്പൽ കൗൺസലർ തസ്തികയിലേക്കുള്ള നേരിട്ടുള്ള റിക്രൂട്ട്മെന്റിന്റെ ഭാഗമായി ഏപ്രിൽ 27ന് നടക്കുന്ന എഴുത്തു പരീക്ഷയ്ക്കുള്ള പ്രവേശന ടിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ കേരള ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടലിൽ (https://hckrecruitment.keralacourts.in) അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് പ്രവേശന ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യണം.

# റഷ്യക്കുവേണ്ടി യുദ്ധം ചെയ്യുന്നത് 155 ചൈനക്കാർ: സെലൻസ്കി

കീവ്: റഷ്യക്കുവേണ്ടി 155 ചൈനീസ് പൗരന്മാരെങ്കിലും യുക്രെയ്‌നിൽ യുദ്ധം ചെയ്യുന്നുണ്ടെന്ന് യുക്രെയ്ൻ പ്രസിഡന്റ് സെലൻസ്കി. യുക്രെയ്ൻ സേന രണ്ടു ചൈനീസ് പൗരന്മാരെ പിടികൂടിയെന്നറിയിച്ചതിനു പിന്നാലെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

യുക്രെയ്ൻ സർക്കാർ നടത്തിയ അന്വേഷണത്തിലാണ് ഇത്രയധികം ചൈനക്കാർ യുദ്ധത്തിൽ പങ്കെടുക്കുന്നതായി കണ്ടെത്തിയത്. സോഷ്യൽ മീഡിയയിലൂടെയാണു റഷ്യ ചൈനക്കാരെ റിക്രൂട്ട് ചെയ്യുന്നത്. പരിശീലനം നല്കിയ ശേഷം യുദ്ധത്തിനായി യുക്രെയ്നിലേക്ക് അയയ്ക്കുകയാണ്.

അമേരിക്കയും ലോകവും ഇക്കാര്യത്തിൽ പ്രതികരിക്കണമെന്ന് സെലൻസ്കി ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം പിടിയിലായ രണ്ടു ചൈനക്കാരെ ചോദ്യംചെയ്യുന്ന വീഡിയോ ദൃശ്യങ്ങൾ അദ്ദേഹം പുറത്തുവിട്ടു.

യുക്രെയ്ൻ യുദ്ധത്തിൽ തങ്ങൾക്കു യാതൊരു പങ്കുമില്ലെന്നു ചൈനീസ് വിദേശകാര്യമന്ത്രാലയം ഇന്നലെ പ്രതികരിച്ചു. യുക്രെയ്ൻ യുദ്ധത്തിനു പരിഹാരം കാണമെന്നതാണ് ചൈനയുടെ നിലപാട്.

ഉത്തരവാദിത്വമില്ലാത്ത പ്രസ്താവനകൾ നടത്തുന്നതിനു മുമ്പ് സുബോധത്തോടെ ചൈനയുടെ പങ്ക് മനസിലാക്കണമെന്നും മന്ത്രാലയം വക്താവ് കൂട്ടിച്ചേർത്തു.

ഉത്തരകൊറിയൻ സേന റഷ്യക്കുവേണ്ടി യുദ്ധത്തിനിറങ്ങുന്നതുപോലെയല്ല ഈ സംഭവമെന്ന് സെലൻസ്കി വിശദീകരിച്ചു. ഉത്തരകൊറിയൻ ഭടന്മാരെ റഷ്യക്കുള്ളിലാണു വിന്യസിച്ചത്. എന്നാൽ ചൈനക്കാരെ പിടികൂടിയത് യുക്രെയ്ന്റെ ഭൂമിയിൽനിന്നാണ്. ഒട്ടേറെ ചൈനക്കാർ റഷ്യക്കുവേണ്ടി യുദ്ധം ചെയ്യുന്നുണ്ടെന്നും സെലൻസ്കി ആരോപിച്ചു. യുദ്ധത്തിൽ ചൈനീസ് പൗരന്മാരുടെ ഇടപെടലിനെക്കുറിച്ച് യുക്രെയ്ൻ ആരോപണം ഉന്നയിക്കുന്നത് ഇതാദ്യമാണ്. ചൈനയുടെ സമാധാനശ്രമങ്ങളിൽ സംശയം ഉയർത്തുന്ന സംഭവമാണിതെന്നു യുക്രെയ്ൻ വിദേശകാര്യമന്ത്രി ആൻഡ്രി സിബിഹ ആരോപിച്ചു. ഇതിനു പുറമേ, കീവിലെ ചൈനീസ് പ്രതിനിധിയെ വിളിച്ചുവരുത്തി പ്രതിഷേധവും അറിയിച്ചു.

കാര്യങ്ങൾ മനസിലാക്കിവരികയാണെന്നും പൗരന്മാർ സായുധസംഘർഷങ്ങളിൽനിന്നു വിട്ടുനിൽക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളതെന്നും ചൈനീസ് വിദേശകാര്യമന്ത്രാലയം പ്രതികരിച്ചു. അതേസമയം, റഷ്യക്കുവേണ്ടി ഒട്ടേറെ ചൈനീസ് പൗരന്മാർ യുദ്ധത്തിനിറങ്ങിയിട്ടുണ്ടെന്ന യുക്രെയ്ന്റെ ആരോപണം അടിസ്ഥാനരഹിതമാണെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു.

# ഹെഡ്ഗേവാറിന്റെ പേരിൽ പാലക്കാട്ട് ഒരു പൊതുസ്ഥാപനം ഉയരില്ല: രാഹുൽ മാങ്കൂട്ടത്തിൽ

പാലക്കാട്: ഭിന്നശേഷിക്കാർക്കായുള്ള കെയർ സെന്ററിന് ആർഎസ്എസ് നേതാവ് ഹെഡ്ഗേവാറിന്റെ പേര് നൽകാനുള്ള നടപടിയിൽ ശക്തമായ പ്രതിഷേധവുമായി കോൺഗ്രസ്. ഹെഡ്ഗേവാറിന്റെ പേരിൽ ഇങ്ങനെയൊരു സ്ഥാപനം പാലക്കാട് ഉയരില്ല എന്ന് ഉറപ്പിച്ച് പറയുന്ന തരത്തിലുള്ള പ്രതിഷേധങ്ങളുമായി മുന്നോട്ടുപോകുമെന്ന് രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ പറഞ്ഞു.

'ഇത് ആരുടെ തീരുമാനമാണ്. ഇത്തരമൊരു സ്ഥാപനത്തിന് പേര് കൊടുക്കുമ്പോൾ മുൻസിപ്പൽ കൗൺസിലിൽ ആ തീരുമാനം വച്ചിട്ടുണ്ടോ. ഗാന്ധിജിയുടെ പേരോ നെഹ്റുവിന്റെ പേരോ ഒരു സ്ഥാപനത്തിന് ഇടുകയാണെങ്കിൽ രഹസ്യമായി ഇടുമോ. ഇഎംഎസിന്റെ പേര് ഒരു സ്ഥാപനത്തിന് ഇടുന്നത് രഹസ്യമായാണോ. ഇത് പരസ്യമായി പറയാൻ കൊള്ളാത്തതാണെന്ന് ഇവർക്ക് തന്നെ ഒരു ബോധ്യമുണ്ട്. അത്കൊണ്ടാണ് രഹസ്യമായി ഒളിച്ച് കടത്താൻ ശ്രമിക്കുന്നത്'.

'ഇത് ആർഎസ്എസുകാരന്റെ പാരമ്പര്യ ഭൂമിയല്ല. അങ്ങനെയുള്ള ഭൂമിയിൽ അവർ ഇഷ്ടമുള്ള പേര് കൊടുത്തോട്ടെ. എന്നാൽ നമ്മളുടെ കരംകൊടുക്കുന്ന മുൻസിപ്പാലിറ്റി വാങ്ങിയ ഒരു പൊതുവിടത്തിൽ ഒരു കാരണവശാലും ഇങ്ങനൊരു പേര് അനുവദിക്കില്ല. ഞങ്ങൾ ഈ പ്രതിഷേധം തുടരും'. 'ഈ രാജ്യത്തെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും ആഭ്യന്തര ശത്രുക്കളാണെന്ന് പറയുന്നതാണോ പ്രത്യയശാസ്ത്രം. ഹിറ്റ്ലർ ജർമനിയിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് 33 ശതമാനം വോട്ട് നേടിജയിച്ചയാളാണ്. അതുകൊണ്ട് ഹിറ്റ്ലർ ശരിയാണെന്ന് പറയാൻ കഴിയുമോ. ആ ഹിറ്റ്ലറിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് ചരിത്രം അറിയാവുന്നവർക്ക് അറിയാം'.

'ബ്രിട്ടീഷുകാർ ഇന്ത്യഭരിച്ചിരുന്നകാലത്ത് തേങ്ങ മോഷണത്തിന് അറസ്റ്റിലായ വ്യക്തിയെ സ്വാതന്ത്ര സമരസേനാനിയെന്ന് വിളിക്കുമോ. സ്വാതന്ത്ര്യത്തിന് വേണ്ടിപോരാടുകയും ഒരു മതേതര ജനാധിപത്യ റിപ്പബ്ലിക്കായ ഇന്ത്യക്ക് വേണ്ടി പ്രവർത്തിച്ചവരെയാണ് സ്വാതന്ത്ര്യ സമരസേനാനികൾ എന്ന് വിളിക്കുന്നത്'.

'പൊതുവിടത്തിൽ ഹെഡ്ഗേവാറിന്റെ പേരിൽ ഒരു കെട്ടിടമുണ്ടാവുകയില്ല. ഇക്കാര്യത്തിൽ അടിസ്ഥാനപരമായ നിയമലംഘനം നടന്നിട്ടുണ്ട്. അതോടൊപ്പം തന്നെ ഇത് സിഎസ്ആർ ഫണ്ടിലാണ് വരുന്നത്. ആ സ്ഥാപനത്തോടും ചോദ്യം ചോദിക്കാനുണ്ട്. ഈ രാജ്യത്തെ വിഭജിച്ച ഹെഡ്ഗേവാറിന്റെ പേരിലാണോ ഈ സ്ഥാപനത്തിന് പണം കൊടുക്കുന്നതെന്ന് ഓഷ്യാനെസ് എന്ന കമ്പനിയോടും ചോദിക്കും. ഇക്കാര്യം തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിക്ക് കോൺഗ്രസും യൂത്ത്കോൺഗ്രസും പരാതി നൽകും'. -രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞു.

അതേസമയം, രാഹുൽ മാങ്കൂട്ടത്തിലിന്റെ നേതൃത്വത്തിൽ പാലക്കാട് നഗരസഭയിലേക്ക് മാർച്ച് നടന്നു. പ്രതിഷേധം ശക്തമായതോടെ പ്രതിഷേധക്കാരും പോലീസും തമ്മിൽ ഉന്തുംതള്ളുമുണ്ടായി. പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്തു.

# 10, 000 കോടിയുടെ ഇഎൽഐ പദ്ധതി എവിടെ; പ്രധാനമന്ത്രിയോട് ചോദ്യങ്ങളുമായി രാഹുൽ ഗാന്ധി

ന്യൂഡൽഹി: കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് (ഇഎൽഐ) പദ്ധതിയിൽ പ്രധാനമന്ത്രിയോട് ചോദ്യങ്ങളുമായി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

മോദി കൊട്ടിഘോഷിച്ച പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. 10, 000 കോടി രൂപയുടെ പദ്ധതി എവിടെയാണ് അപ്രത്യക്ഷമായതെന്ന് രാഹുൽ ചോദിച്ചു. പദ്ധതി പ്രഖ്യാപിച്ചിട്ട് ഏകദേശം ഒരു വർഷമായി, പദ്ധതി എന്താണെന്ന് പോലും സർക്കാർ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. തൊഴിലില്ലായ്മയെ പ്രധാനമന്ത്രി എങ്ങനെയാണ് കാണുന്നതെന്നാണ് ഇതിലൂടെ വ്യക്തമാകുന്നതെന്നും രാഹുൽ ടിറ്ററിൽ കുറിച്ചു.

രാജ്യത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് മൂന്ന് ചോദ്യങ്ങളും രാഹുൽ മോദിയോട് ഉന്നയിച്ചു. 10, 000 കോടി രൂപയുടെ പദ്ധതി എവിടെ അപ്രത്യക്ഷമായത്. നിങ്ങളുടെ വാഗ്ദാനങ്ങൾപ്പോലെ ഇവിടുത്തെ തൊഴിലില്ലാത്ത യുവാക്കളെയും നിങ്ങൾ ഉപേക്ഷിച്ചോ

രാജ്യത്തിന് അത്യാവശ്യമായ കോടിക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കൃത്യമായ പദ്ധതിയെന്താണ്. അദാനി അടക്കമുള്ളവരെ സമ്പന്നരാക്കുന്നതിൽ നിന്ന് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിലേക്ക് നിങ്ങൾ എപ്പോഴാണ് ശ്രദ്ധ കേന്ദ്രീകരിക്കുക എന്നീ ചോദ്യങ്ങളാണ് രാഹുൽ ചോദിച്ചത്.

2024ലെ കേന്ദ്ര ബജറ്റിലാണ് സർക്കാർ ആദ്യമായി എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതി പ്രഖ്യാപിച്ചത്. പദ്ധതിയിൽ എ, ബി, സി എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നായിരുന്നു കേന്ദ്രത്തിന്റെ വാദം.

# മുഖ്യമന്ത്രി എത്തുമ്പോൾ എല്ലാ കടകളും അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടില്ല: വിശദീകരണവുമായി എസ്പി

ആലപ്പുഴ: ഇന്ന് ആലപ്പുഴയിലെത്തുന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ സുരക്ഷയൊരുക്കാൻ പ്രദേശത്തെ കടകൾ പൂർണമായും അടച്ചിടണമെന്ന നിർദേശത്തിൽ വിശദീകരണവുമായി എസ്പി എം. പി. മോഹനചന്ദ്രൻ.

മുഖ്യമന്ത്രി എത്തുന്നതുമായി ബന്ധപ്പെട്ട് എല്ലാ കടകളും അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടില്ലെന്നും ഗ്യാസ് സിലിണ്ടർ ഉപയോഗിക്കുന്ന കടകൾ മാത്രം അടയ്ക്കാനാണ് നിർദേശം നൽകിയതെന്നും എസ്പി പ്രതികരിച്ചു.

കുടിവെള്ളവും മറ്റ് ആവശ്യസാധനങ്ങളും വിൽക്കുന്ന കടകൾക്ക് നിയന്ത്രണമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ന് കെപിഎംഎസ് സമ്മേളനത്തിൽ മുഖ്യമന്ത്രി പങ്കെടുക്കുന്നതിനാലാണ് ആലപ്പുഴ കടപ്പുറത്തെ കടകൾ അടച്ചിടാൻ നിർദേശം. 84 കടകൾക്കാണ് ആലപ്പുഴ സൗത്ത് പോലീസ് നോട്ടീസ് നൽകിയത്.

തുറമുഖ വകുപ്പിൽ പണം അടച്ച് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നവരാണ് നൂറിലധികം വരുന്ന ചെറുകിട കച്ചവടക്കാർ. ആദ്യം ചില കടകൾക്കു മാത്രമാണ് നിർദേശമെന്നും പിന്നീട് മുഴുവൻ കടകളും അടച്ചിടണമെന്നു നിർദേശിക്കുകയായിരുന്നു. ഇതേത്തുടർന്ന് കടുത്ത പ്രതിഷേധത്തിലാണു കച്ചവടക്കാർ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

## മുഖ്യമന്ത്രിക്ക് നേരെ കരിങ്കൊടി; യൂത്ത് കോൺഗ്രസ് പ്രവർത്തകർ കസ്റ്റഡിയിൽ

കൊച്ചി: കൊച്ചിയിൽ മുഖ്യമന്ത്രിക്ക് നേരെ യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ കരിങ്കൊടി പ്രതിഷേധം. എറണാകുളം ഗസ്റ്റ് ഹൗസിന്റെ ഗേറ്റ് ചാടികടന്ന പ്രവർത്തകർ കരിങ്കൊടി വീശുകയായിരുന്നു. പ്രവർത്തകരെ പോലീസ് ബലം പ്രയോഗിച്ച് കസ്റ്റഡിയിലെടുത്ത് നീക്കുകയാണ്. മുഖ്യമന്ത്രി കടവന്ത്രയിലെ പരിപാടിക്ക് പോകാനുള്ള തയാറെടുപ്പ് നടത്തുന്നതിനിടെയാണ് സംഭവം. പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി നിലവിൽ ഗസ്റ്റ് ഹൗസിൽ തന്നെ തുടരുകയാണ്. മാസപ്പടി കേസിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി യൂത്ത് കോൺഗ്രസ് പ്രതിഷേധം സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് കരിങ്കൊടി പ്രതിഷേധം.

## ഏറ്റവും വലിയ സാമൂഹിക വിരുദ്ധ സംഘടനയായി എസ്എഫ്ഐ മാറി: വി. ഡി. സതീശൻ

കാസർഗോഡ്: കേരളത്തിലെ ഏറ്റവും വലിയ സാമൂഹിക വിരുദ്ധ സംഘടനയായി എസ്എഫ്ഐ മാറിയിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

വ്യാഴാഴ്ച തിരുവനന്തപുരത്തും ഇന്ന് പുലർച്ചെ എറണാകുളത്തും എസ്എഫ്ഐക്കാർ നടത്തിയ ആക്രമണം അതിന്റെ തെളിവാണ്. കേരളത്തിലെ ലഹരിവ്യാപനത്തിന്റെ കണ്ണികളാണ് എസ്എഫ്ഐ എന്നും സിപിഎം അവരെ രാഷ്ട്രീയ രക്ഷാകർതൃത്വം നൽകി ക്രിമിനലുകൾ ആക്കുകയാണെന്നും സതീശൻ കാസർഗോഡ് പറഞ്ഞു.

ഇന്നലെ രാത്രി കേരള യൂണിവേഴ്സിറ്റി തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഇറങ്ങിവന്ന കെഎസ്‌യുക്കാരെ എസ്എഫ്ഐക്കാർ ക്രൂരമായി മർദിച്ചു. പെൺകുട്ടികളെ പോലും പുറകിൽ നിന്നെത്തി മർദിച്ചു.

കൊച്ചിയിൽ ഇന്ന് വെളുപ്പാൻ കാലത്ത് എറണാകുളം ജില്ലാ ബാർ അസോസിയേഷന്റെ വാർഷിക പരിപാടിയിൽ കയറി അതിക്രമം നടത്തി. അവർ ഉണ്ടാക്കിവച്ച ഭക്ഷണം മുഴുവൻ കഴിച്ചു. അവിടെയുണ്ടായിരുന്ന സ്ത്രീകളെ അധിക്ഷേപിച്ചു.

പ്രശ്നമുണ്ടാക്കിയ എസ്എഫ്ഐ പ്രവർത്തകരോട് പുറത്തുപോകാൻ ആവശ്യപ്പെട്ടതിന് പിന്നാലെ സംഘടിതമായി വന്ന് അവർ അക്രമണം നടത്തുകയായിരുന്നു. പത്തുപേർ ആശുപത്രിയിലാണ്. സിപിഎം അഭിഭാഷക യൂണിയനിൽപ്പെട്ടവർക്കും എസ്എഫ്ഐക്കാരുടെ അടി കിട്ടിയെന്ന് സതീശൻ പറഞ്ഞു.

## സ്വർണം ചരിത്രവിലയിൽ; 70,000 രൂപയ്ക്ക് തൊട്ടരികെ

കൊച്ചി: വിവാഹമുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി സ്വർണം വാങ്ങാൻ ഇന്ന് ജ്വല്ലറികളിലേക്ക് പോകാൻ പദ്ധതിയിട്ടവരുടെ നെഞ്ചിടിപ്പേറ്റി സ്വർണവില 69,000 കടന്നു. പവന് ഒറ്റയടിക്ക് 1,480 രൂപയും ഗ്രാമിന് 185 രൂപയുമാണ് കൂടിയത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 69,960 രൂപയിലും ഗ്രാമിന് 8,745 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 150 രൂപ ഉയർന്ന് 7,200 രൂപയിലെത്തി.

വ്യാഴാഴ്ചയും ഈ മാസം മൂന്നിനും രേഖപ്പെടുത്തിയ ഗ്രാമിന് 8,560 രൂപയും പവന് 68,480 രൂപയും എന്ന റിക്കാർഡാണ് ഇന്ന് കടപുഴകിയത്. 70, 000 രൂപ എന്ന വമ്പൻ നാഴികക്കല്ലിലേക്ക് വെറും 40 രൂപയുടെ അകലം മാത്രമാണുള്ളത്. വ്യാഴാഴ്ച പവന് ഒറ്റയടിക്ക് 2,160 രൂപയും ബുധനാഴ്ച 520 രൂപയും വർധിച്ചിരുന്നു. മൂന്നു ദിവസത്തിനിടെ മാത്രം സംസ്ഥാനത്ത് പവനു 4,160 രൂപയും ഗ്രാമിന് 520 രൂപയുമാണ് ഉയർന്നത്.

നേരത്തെ, ഒരാഴ്ചയ്ക്കിടെ പവനു 2,680 രൂപയും ഗ്രാമിന് 335 രൂപയും കുറഞ്ഞശേഷമാണ് ബുധനാഴ്ച മുതൽ വില വീണ്ടും മുന്നേറിയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നിട്ടു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. ഒട്ടുമിക്ക രാജ്യങ്ങൾക്കും മേൽ പകരച്ചുങ്കം 90 ദിവസത്തേക്ക് മരവിപ്പിച്ചിട്ടും ചൈനയ്ക്ക് ഇളവ് നൽകാത്ത യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ തീരുമാനമാണ് സ്വർണവില കുതിച്ചുകയറാൻ വഴിയൊരുക്കിയത്.

## യുവതിയെ പീഡിപ്പിച്ച സംഭവം; കർശന നടപടി നിർദേശിച്ച് പ്രധാനമന്ത്രി

ലക്നോ: വാരണാസിയിൽ യുവതിയെ തട്ടിക്കൊണ്ടുപോയി ദിവസങ്ങളോളം തടവിലാക്കി പീഡിപ്പിച്ച സംഭവത്തിൽ കർശന നടപടി നിർദേശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

വെള്ളിയാഴ്ച വാരണാസിയിലെത്തിയ പ്രധാനമന്ത്രിക്ക്, സംഭവത്തെക്കുറിച്ച് പോലീസ് കമ്മീഷണർ, ഡിവിഷണൽ കമ്മീഷണർ, ജില്ലാ മജിസ്ട്രേറ്റ് എന്നിവർ വിശദീകരണം നൽകി. കുറ്റവാളികൾക്കെതിരെ സാധ്യമായ ഏറ്റവും കർശനമായ നടപടി സ്വീകരിക്കാനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് ഉചിതമായ നടപടികൾ നടപ്പിലാക്കാനും അദ്ദേഹം നിർദേശിച്ചു.

കേസിൽ പിടിയിലായ ഒമ്പത് പ്രതികളെ ജില്ലാ സെഷൻസ് കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. 23 പേരെയാണ് കേസിൽ പ്രതി ചേർത്തിരിക്കുന്നത്.

കേസുമായി ബന്ധപ്പെട്ട് ഒമ്പത് പേരെ അറസ്റ്റ് ചെയ്തതായും ബാക്കിയുള്ള പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യുമെന്നും പോലീസ് പറഞ്ഞിരുന്നു. ലാൽപൂർ പാണ്ഡെപൂർ പോലീസ് സ്റ്റേഷനിലാണ് വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തത്. പെൺകുട്ടിയെ തട്ടികൊണ്ടുപോയി ദിവസങ്ങളോളം പീഡിപ്പിച്ചതായി പോലീസ് പറഞ്ഞു. ഏഴ് ദിവസത്തിനുള്ളിൽ 23 പേർ ചേർന്ന് തന്നെ പീഡിപ്പിച്ചതായി ഇരയായ പെൺകുട്ടി പറഞ്ഞു.

## എൽസ്റ്റൺ എസ്റ്റേറ്റ് ഏറ്റെടുക്കാൻ 17 കോടി അധികം നൽകണം; സർക്കാരിനോട് ഹൈക്കോടതി

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സർക്കാരിന് ഭൂമി ഏറ്റെടുക്കുന്നതിന് തടസമില്ലെന്ന് ഹൈക്കോടതി. എസ്റ്റേറ്റ് ഏറ്റെടുക്കാൻ സർക്കാർ 17 കോടി രൂപ കൂടി അധികമായി കെട്ടിവയ്ക്കണമെന്നും കോടതി ഇടക്കാല ഉത്തരവിട്ടു.

മുണ്ടക്കൈ ചൂരൽമല പുനരധിവാസത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ നിശ്ചയിച്ച വില അപര്യാപ്തമെന്ന് ചൂണ്ടിക്കാട്ടിയാണ് എൽസ്റ്റൺ എസ്റ്റേറ്റ് ഹൈക്കോടതിയെ സമീപിച്ചത്. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അധികമായി നൽകേണ്ട 17 കോടി രൂപ ഹൈക്കോടതി രജിസ്ട്രിയിൽ നിക്ഷേപിക്കാൻ കോടതി നിർദേശിച്ചു.

അതേസമയം 549 കോടി രൂപ നഷ്ടപരിഹാരമായി വേണമെന്നതായിരുന്നു എസ്റ്റേറ്റിന്റെ ആവശ്യം. സർക്കാർ നിശ്ചയിച്ച തുക അപര്യാപ്തമാണെന്നും എസ്റ്റേറ്റ് ഉടമ കോടതിയെ അറിയിച്ചിരുന്നു. സ്ഥലത്തിന്റെ ശരിയായ വിലയല്ല ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയതെന്നും എസ്റ്റേറ്റ് അധികൃതർ പറഞ്ഞിരുന്നു.

എന്നാൽ ഇത്രയധികം രൂപ വളരെ കൂടുതലാണെന്നും ന്യായവില നിർണയവുമായി ബന്ധപ്പെട്ടാണ് തങ്ങൾ പണം നല്കുന്നതെന്നുമാണ് സർക്കാർ അറിയിച്ചിരുന്നത്. ഇതിനായി 26 കോടി രൂപ നേരത്തെ നീക്കി വെച്ചിരുന്നു. എന്നാൽ ന്യായവിലയിൽ മാറ്റം വന്നതോടെ ഈ തുക 49 കോടി രൂപയായി മാറിയെന്നും സർക്കാർ കോടതിയെ അറിയിച്ചിരുന്നു. ഈ സാചര്യത്തിലാണ് കോടതിയുടെ ഇടക്കാല ഉത്തരവ്. എൽസ്റ്റൺ എസ്റ്റേറ്റിന്റെ ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

## എറണാകുളത്തെ അഭിഭാഷക വിദ്യാർഥി സംഘർഷം; കേസെടുത്ത് പോലീസ്

കൊച്ചി: എറണാകുളം മഹാരാജാസ് കോളജിന് മുന്നിൽ വച്ചുണ്ടായ അഭിഭാഷക-വിദ്യാർഥി സംഘർഷത്തിൽ കേസെടുത്ത് പോലീസ്. അഭിഭാഷകർ നൽകിയ പരാതിയിലാണ് കേസ് എടുത്തിരിക്കുന്നത്. കണ്ടാൽ അറിയുന്ന 10 വിദ്യാർഥികൾക്ക് നേരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അതേസമയം, മഹാരാജാസ് കോളജിന് മുന്നിൽ വീണ്ടും വിദ്യാർഥികളും അഭിഭാഷകരും തമ്മിൽ ഇന്നും വാക്ക്പോര് ഉണ്ടായി. പരസ്പരം കല്ല് വലിച്ചെറിഞ്ഞെന്നാണ് ആക്ഷേപം.

അഭിഭാഷകർ മഹാരാജാസ് കോളജിലേയ്ക്ക് കല്ലെറിഞ്ഞെന്നും വിദ്യാർഥികൾ ആരോപിച്ചു. അഭിഭാഷകർ കോളജിലേക്ക് കല്ലും ബിയർ ബോട്ടിലും എറിയുന്ന ദൃശ്യങ്ങൾ വിദ്യാർഥികൾ പുറത്തുവിട്ടു.

വ്യാഴാഴ്ച എറണാകുളം ജില്ലാ കോടതിയിലെ ബാർ അസോസിയേഷന്റെ പരിപാടിയിലേക്ക് മഹാരാജാസിലെ വിദ്യാർഥികൾ നുഴഞ്ഞുകയറി പ്രശ്നം ഉണ്ടാക്കിയെന്നാണ് അഭിഭാഷകരുടെ ആരോപണം. രണ്ട് വിഭാഗമായി തിരിഞ്ഞായിരുന്നു സംഘർഷം. വിദ്യാർഥികൾക്കും അഭിഭാഷകർക്കും ഒപ്പം പിടിച്ചു മാറ്റാൻ എത്തിയ മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്കും പരുക്ക് പറ്റി.

മദ്യപിച്ച് അഭിഭാഷകർ വിദ്യാർഥിനികളോടടക്കം മോശമായി പെരുമാറിയതാണ് സംഘർഷത്തിന് കാരണമായതെന്നാണ് എസ്എഫ്ഐ പ്രവർത്തകരുടെ മറുവാദം. സംഘർഷത്തിന് പിന്നാലെ എസ്എഫ്ഐയും ബാർ അസോസിയേഷൻ അംഗങ്ങളും പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു.

## കരുവന്നൂർ കേസിൽ നിർണായക നീക്കവുമായി ഇഡി; ഡിജിപിക്ക് കത്ത് നൽകും

കൊച്ചി: തൃശൂർ കരുവന്നൂർ കള്ളപ്പണ ഇടപാട് കേസിൽ നിർണായക നീക്കവുമായി ഇഡി. കേസന്വേഷണത്തിലെ കണ്ടെത്തൽ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകും.

സിപിഎമ്മിനെ പ്രതി ചേർത്തതും പാർട്ടി അക്കൗണ്ടുകളിലേക്ക് എത്തിയ പണത്തിന്റെയും വിവരങ്ങളും കൈമാറും. പിഎംഎൽഎ നിയമത്തിലെ സെക്ഷൻ 66(2) പ്രകാരമാണ് നടപടി. വായ്പയെടുത്ത് ബാങ്കിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കിയ പ്രതികളുടെ വിവരങ്ങളും കൈമാറും. കരുവന്നൂർ ബാങ്ക് ക്രമക്കേടിൽ സംസ്ഥാന പോലീസ് ഹൈക്കോടതി കഴിഞ്ഞ ദിവസം രൂക്ഷവിമർശനം ഉന്നയിച്ചിരുന്നു. നാല് വർഷമായിട്ടും അന്വേഷണ പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടെന്ന് കോടതി ചോദിച്ചു. ഇങ്ങനെ പോയാൽ കേസ് സിബിഐക്ക് കൈമാറേണ്ടി വരുമെന്നും കോടതി പറഞ്ഞിരുന്നു. എന്നാൽ പോലീസിന്റെ കൈവശം രേഖകളില്ലെന്നും എല്ലാം ഇഡിയുടെ കൈയിലാണെന്നും അതുകൊണ്ടാണ് കുറ്റപത്രം സമർപ്പിക്കാത്തതെന്നുമായിരുന്നു സംസ്ഥാന സർക്കാരിന്റെ മറുപടി. ഈ സാഹചര്യത്തിലാണ് ഇഡി രേഖകൾ കൈമാറാൻ തീരുമാനിച്ചതെന്നാണ് വിവരം.

## ക്ഷേമ പ്രവർത്തനങ്ങളിൽ സുവർണ്ണ നേട്ടവുമായി പട്ടികജാതി വികസന വകുപ്പ്

2024-25 സാമ്പത്തിക വർഷം പദ്ധതി ചെലവ് ഇനത്തിൽ മികച്ച നേട്ടം കൈവരിച്ച വകുപ്പുകളിൽ ഒന്നായി പട്ടികജാതി വികസന വകുപ്പ്. 1,331.06 കോടി രൂപയാണ് പട്ടികജാതി വികസന വകുപ്പ് ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്. ഇത് വകുപ്പിന് ചെലവഴിക്കാൻ ലഭിച്ച തുകയുടെ 98.23 ശതമാനമാണ്.

ആയതിൽ 654.22 കോടി രൂപ വിദ്യാഭ്യാസ മേഖലയിലെ വിവിധ സ്കോളർഷിപ്പുകൾ, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയ്ക്കാണ് ചെലവഴിച്ചത്. വരുമാന പരിധി നോക്കാതെയാണ് സംസ്ഥാന സർക്കാർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് തുക നൽകുന്നത്. 2024-25 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗക്കാരായ 585 വിദ്യാർഥികൾക്ക് വിദേശ രാജ്യങ്ങളിലെ ഉന്നത സർവകലാശാലകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് അവസരം ഒരുക്കി. ഇതിന് 81.59 കോടി രൂപയാണ് ചെലവഴിച്ചത്.

സാമൂഹികമായ പുരോഗതിക്ക് വേണ്ടി സംസ്ഥാന സർക്കാർ വളരെയെറെ ഇടപെടലുകൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായി. ലൈഫ് മിഷൻ വഴി 1,27,377 പേർക്കാണ് ഭവനം ഉറപ്പാക്കിയത്. ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപെട്ട 1,755 പേർക്ക് 85 ഏക്കർ ഭൂമി വാങ്ങി നൽകാനും ഇക്കാലയളവിൽ കഴിഞ്ഞു.

ആയതിന് വേണ്ടി 70.64 കോടി രൂപ ചെലവഴിച്ചു. ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കാണ് ഇതിന്റെ നേട്ടം ലഭിച്ചത്. വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് മികച്ച ഭൗതിക സാഹചര്യം ഒരുക്കി നൽകുക എന്ന ലക്ഷ്യത്തോടെ 4,568 പേർക്ക് പഠന മുറികൾ നിർമ്മിച്ചു നൽകുകയും 3,273 പേർക്ക് പുതിയതായി പഠന മുറി അനുവദിക്കുകയും ചെയ്തു.

പണി പൂർത്തീകരിക്കാത്ത വീടുകളുടെ പണി പൂർത്തീകരിച്ച് സുരക്ഷിത ഭവനം നൽകുന്ന വകുപ്പിന്റെ അഭിമാന പദ്ധതിയായ സേഫ് വഴി കഴിഞ്ഞ വർഷം മാത്രം 6,622 പേർക്ക് ഭവനം ലഭിക്കുകയുണ്ടായി. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ച 4,165 വീടുകൾ പൂർത്തികരിച്ച് വാസയോഗ്യമാക്കുകയും ചെയ്തു.

പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബ്ബലവിഭാഗത്തിൽപെടുന്ന 2,184 പേർക്ക് വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 48.70 കോടി രൂപ ചെലവഴിക്കുകയുണ്ടായി. സംസ്ഥാനത്താകെ ചികിത്സാ ധനസഹായമായി 29.28 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കയുണ്ടായി. ആയതിന്റെ പ്രയോജനം 13,183 പേർക്ക് ലഭിക്കുകയും ചെയ്തു.

പട്ടികജാതി നഗറുകളുടെ വികസനത്തിനായി നടപ്പിലാക്കുന്ന അംബേദ്ക്കർ ഗ്രാമ പദ്ധതി പ്രകാരം വിവിധ വികസന പ്രവർത്തികൾക്കായി 32.72 കോടി രൂപ ചെലവഴിക്കയുണ്ടായി. ആയതിന്റെ പ്രയോജനം സംസ്ഥാനത്തൊട്ടാകെ 806 നഗറുകൾക്ക് ലഭിക്കുകയും സമഗ്രമായ മാറ്റങ്ങൾ ഈ പ്രദേശങ്ങളിൽ സാധ്യമാക്കുകയും ചെയ്തു.

## റീയൂണിയൻ ദ്വീപുകളിൽ ചിക്കൻഗുനിയ വ്യാപനം, കേരളം കരുതിയിരിക്കണം: മന്ത്രി വീണാ ജോർജ്

### ശ്രദ്ധയും പ്രതിരോധവും പ്രധാനം

ആഫ്രിക്കയുടെ കിഴക്കു ഭാഗവുമായി ചേർന്ന് കിടക്കുന്ന ഫ്രഞ്ച് അധിനിവേശ പ്രദേശമായ റീയൂണിയൻ ദ്വീപുകളിൽ ചിക്കൻഗുനിയ വ്യാപനം ഉണ്ടായ സാഹചര്യത്തിൽ കേരളം കരുതിയിരിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. 2006-2007 കാലഘട്ടത്തിലാണ് ഇതിനുമുമ്പ് വ്യാപകമായ ചിക്കൻഗുനിയ ബാധ ഉണ്ടായത്. അന്ന് റീയൂണിയൻ ദ്വീപുകളിൽ തുടങ്ങി നമ്മുടെ നാട് ഉൾപ്പെടെ ഏഷ്യൻ രാജ്യങ്ങളിലേക്ക് രോഗം വ്യാപിക്കുകയായിരുന്നു. എണ്ണത്തിൽ അത്രത്തോളം ഇല്ലെങ്കിലും റീയൂണിയൻ ദ്വീപുകളിൽ ഇപ്പോൾ ചിക്കൻഗുനിയയുടെ വ്യാപനമുണ്ട്. പതിനയ്യായിരത്തോളം ആളുകൾക്ക് രോഗബാധ സ്ഥിരീകരിക്കുകയും നവജാതശിശുക്കൾ ഉൾപ്പെടെ ഒട്ടേറെ ആളുകൾ ആശുപത്രികളിൽ അഡ്മിറ്റ് ആവുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് ലോകാരോഗ്യ സംഘടന വിദഗ്ധരുടെ യോഗം വിളിച്ചു ചേർക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ പ്രതിരോധം ശക്തമാക്കാൻ ജില്ലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഈഡിസ് ഈജിപ്തി/ആൽബോപിക്റ്റസ് കൊതുകുകളാണ് ചിക്കൻഗുനിയ പരത്തുന്നത്. അതിനാൽ കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വ്യക്തിഗത സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും മഴക്കാലപൂർവ ശുചീകരണ യോഗങ്ങൾ ചേർന്നിരുന്നു. മഴക്കാലപൂർവ ശുചീകരണം എല്ലാ തദ്ദേശ സ്ഥാപനങ്ങളും കൃത്യമായി ചെയ്യണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

പെട്ടെന്നുള്ള കഠിനമായ പനി, സന്ധികളിൽ (പ്രത്യേകിച്ച് കൈകൾ, കണങ്കാലുകൾ, കാൽമുട്ടുകൾ) അതികഠിനമായ വേദന, പേശിവേദന, തലവേദന, ക്ഷീണം, ചില ആളുകളിൽ ചർമ്മത്തിൽ തടിപ്പുകൾ എന്നിവയാണ് ചിക്കൻഗുനിയയുടെ രോഗലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടേണ്ടതാണ്. സ്വയം ചികിത്സ ഒഴിവാക്കുക. നീണ്ട് നിൽക്കുന്ന പനിയാണെങ്കിൽ വിദഗ്ധ ചികിത്സ തേടേണ്ടതാണ്. മുൻപ് ചിക്കൻഗുനിയ വന്നിട്ടുള്ളവർക്ക് പ്രതിരോധശക്തി ഉണ്ടാകാനാണ് സാധ്യത. അതിനാൽ രോഗം ചെറുപ്പക്കാരെയും കൊച്ചുകുട്ടികളെയും കൂടുതൽ ബാധിക്കാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയില്ല. യൂണിയൻ ദ്വീപുകളിൽ നവജാത ശിശുക്കൾ ഉൾപ്പെടെ ബാധിക്കപ്പെട്ടു എന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചു കുഞ്ഞുങ്ങളെ കൊതുകു വലയ്ക്കുള്ളിൽ തന്നെ കിടത്തുന്ന കാര്യം ശ്രദ്ധിക്കണം.

***പ്രതിരോധ മാർഗങ്ങൾ***

വീടും പരിസരവും ശുചിയായി സൂക്ഷിക്കുക.കൊതുകുകൾ മുട്ടയിടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക. (ഉദാഹരണത്തിന്: വെള്ളം കെട്ടിനിൽക്കുന്ന പാത്രങ്ങൾ, ടയറുകൾ, ചിരട്ടകൾ എന്നിവ നീക്കം ചെയ്യുക).

വീട്ടിലെ ജല സംഭരണികൾ അടച്ചു വെക്കുക.

കൊതുക് കടിയിൽ നിന്ന് രക്ഷ നേടാൻ കൊതുക് വലകൾ, ലേപനങ്ങൾ എന്നിവ ഉപയോഗിക്കുക.

ശരീരം മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക.

പകൽ സമയത്തും കൊതുകുകൾ കടിക്കാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കുക.

എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളിൽ സഹകരിക്കുക.

ചിക്കൻഗുനിയ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.

ചിക്കൻഗുനിയയെ പ്രതിരോധിക്കാൻ കൂട്ടായ ശ്രമം അനിവാര്യമാണ്. പൊതുജനങ്ങളുടെ സഹകരണത്തോടെ ഈ രോഗത്തെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കും.

## തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന്റേത് ബദൽ മാതൃക : മന്ത്രി എം ബി രാജേഷ്

തൊഴിലുറപ്പ് പദ്ധതി രാജ്യത്താകെ വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ കേരളം ബദൽ മാതൃകയാണ് സൃഷ്ടിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. സംസ്ഥാനത്തിനുള്ള ബജറ്റ് വിഹിതവും തൊഴിൽ ദിനവും വെട്ടിച്ചുരുക്കുന്ന ഘട്ടത്തിൽ പോലും കേരളം മികച്ച രീതിയിൽ കാര്യക്ഷമമായാണ് പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നത്. രാജ്യത്ത് ആദ്യമായി 20 ലക്ഷത്തോളം തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ലോഗോ പ്രകാശനവും വെബ്പോർട്ടൽ ഉദ്ഘാടനവും അംഗത്വ കാർഡ് വിതരണവും തൈക്കാട് അതിഥി മന്ദിരത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിൽ നൽകുന്ന സംസ്ഥാനമാണ് നമ്മുടേത്. മുൻപ് പത്തരക്കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്. കഴിഞ്ഞ വർഷം ആറു കോടി തൊഴിൽ ദിനങ്ങളാണ് കേന്ദ്രം അനുവദിച്ചിരുന്നതെങ്കിലും 9 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാനത്തിനായി. ഈ വർഷം 5 കോടി തൊഴിൽ ദിനങ്ങളാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലും സോഷ്യൽ ഓഡിറ്റ് നൂറുശതമാനം പൂർത്തിയാക്കാനായി. പട്ടികവർഗ മേഖലയിൽ നൂറു തൊഴിൽ ദിനങ്ങൾ അധികം നൽകുന്ന സംസ്ഥാനവും കേരളമാണ്.തൊഴിലുറപ്പിലൂടെ ഗ്രാമീണ ആസ്തി വർദ്ധിപ്പിക്കുന്നതിൽ മുൻഗണന നൽകുന്നുണ്ട്. മണ്ണ് സംരക്ഷണത്തിലും ജലസംരക്ഷണത്തിലും കൃഷി പ്രോത്സാഹിപ്പിക്കുന്നതിലുമുള്ള ഗ്രാമീണ മാതൃകകൾക്ക് ഇതിനോടകം അംഗീകാരങ്ങളും ലഭിച്ചു. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിലൂടെ പഠന- ചികിത്സാ-വിവാഹ സഹായങ്ങൾ, പ്രസവാനുകൂല്യം, മരണാനന്തര സഹായം തുടങ്ങി വിവിധ ആനുകൂല്യങ്ങളാണ് സംസ്ഥാനത്ത് നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി.ആന്റണി രാജു എംഎൽഎ അദ്ധ്യക്ഷനായ ചടങ്ങിൽ സി കെ ഹരീന്ദ്രൻ എംഎൽഎ , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (ഗ്രാമം) ഡോ. ദിനേശൻ ചെറുവാട്ട്, മഹാത്മാഗാന്ധി എൻആർഇജിഎസ് മിഷൻ ഡയറക്ടർ നിസാമുദീൻ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എസ് രാജേന്ദ്രൻ, ക്ഷേമനിധി ബോർഡ് അംഗം കെ സുരേഷ് തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

## വർക്കിംഗ് പ്രൊഫഷണൽ കോഴ്സ് : അപേക്ഷ ക്ഷണിച്ചു

സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2025-26 അദ്ധ്യായന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി/ വർക്കിംഗ് പ്രൊഫഷണൽ കോഴ്സിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 3 /2 വർഷം (ലാറ്ററൽ എൻട്രി) ദൈർഘ്യമുള്ള എഞ്ചിനിയറിംഗ് ടെക്നോളജി ഡിപ്ലോമ അല്ലെങ്കിൽ സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡ്/ഇന്ത്യാ ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ/ അകഇഠഋ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേടിയ 3 വർഷ ഡി.വോക്ക്, അല്ലെങ്കിൽ 10+2 തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായിപഠിച്ച്, യു.ജി.സി. അംഗീകൃത സർവകലാശാലയിൽ നിന്നും ബി.എസ്‌സി ബിരുദം നേടിയവരായിരിക്കണം. അവസാന തീയതി മെയ് 22. ബി.ടെക് വർക്കിംഗ് പ്രൊഫഷണൽ പ്രവേശനം താല്പര്യമുള്ളവരും പരീക്ഷ എഴുതേണ്ടതാണ്. www.lbscentre.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി ഏപ്രിൽ 10 മുതൽ മെയ് 20 വരെ അപേക്ഷാ ഫീസ് ഒടുക്കാം. പൊതുവിഭാഗത്തിന് 1,100 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 550 രൂപയുമാണ് അപേക്ഷാ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് : 0471-2324396, 2560327.